KOTTAYAM PUBLIC LIBRARY

Call No. [illegible] Acc. No. 4382

Author [illegible]

Title [illegible]

1455

H 08

# ചില കഥകളി നടന്മാർ

No: 4382

ഗ്രന്ഥകർത്താ:

ടി. എസ്. അനന്തസുബ്രഹ്മണ്യം

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

പകർപ്പവകാശം] 1950 [വില 12 അണ.



ഗ്രന്ഥകൎത്താവു്.

No. 4382

# രണ്ടു വാക്ക്

—o—

ഈ പുസ്തകം പുറത്തിറക്കുവാൻ മുഖവുരയുടെ ആവശ്യമൊന്നും വേണമെന്നു തോന്നുന്നില്ല. എങ്കിലും രണ്ടുവാക്കു പറഞ്ഞേക്കാം.

രസികശിരോമണികളായിരുന്ന ഒയ്യാരത്ത് ചന്തുമേനോനും കെ. സി. കേശവപിള്ളയും സരസമായി വർണ്ണിക്കുന്ന കളിഭ്രാന്തു എന്നെയും പിടികൂടിയതിൻെറ പരിണാമമാണു ഈ കൊച്ചുപുസ്തകം. എട്ടുവയസ്സുമുതൽ അച്ഛൻെറ മടിയിൽക്കിടന്നാണ് കളികാണാൻ ഞാൻ തുടങ്ങിയതു്. കളി ഉണ്ടെന്നറിഞ്ഞാൽ പത്തും പന്ത്രണ്ടും മൈൽ നടന്നുപോയി വരാൻ എനിക്കു അക്കാലത്തു കൂസലുണ്ടായിരുന്നില്ല. രാത്രി അഞ്ചും ആറും ദിവസം ഒന്നിച്ചു ഉറക്കൊഴിപ്പാനും എനിക്കു വിഷമവും ഉണ്ടായിരുന്നില്ല. കഥകളി കാണ്മാൻ എപ്പോഴും സൗകര്യപ്പെടാത്ത മദിരാശിയിലാണു ഞാൻ ഇപ്പോൾ താമസമെന്നു വരികിലും റേഡിയോവിൽ കഥകളിപ്പദങ്ങളുണ്ടെങ്കിൽ അവ കേട്ടെങ്കിലും ആനന്ദിക്കാറുണ്ട്.

കഥകളി യൂറോപ്പിലും മററും പോയി പാശ്ചാത്യർ ഭേഷ് എന്നു പറഞ്ഞപ്പോൾ അതിൽ എന്തെങ്കിലും ഉണ്ടെന്നു കേരളീയർ കൺമിഴിച്ചുതുടങ്ങിയ

കാലമാണു ഇന്നു്. അവരുടെ അറിവിന്നായി എഴുതുന്ന ഈ പുസ്തകം കേവലം തള്ളുപടിയായി വരികയില്ലെന്നുള്ള വിശ്വാസമാണു് ഇപ്പോഴും എനിക്കുള്ളതു്. ഇതിലെ ചില ഭാഗങ്ങൾ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ സ്ഥലംപിടിച്ചപ്പോഴും എന്റെ ചില മാന്യസ്നേഹിതർ എന്നെ അനുമോദിച്ചു എഴുതിയിരുന്നതും ഈ പുസ്തകം പൂർത്തീകരിപ്പാൻ എന്നെ ബലപ്പെടുത്തീട്ടുണ്ടു്.

മദ്രാസ്സ്,<br>23_11_'50

ടി. എസ്. അനന്തസുബ്രഹ്മണ്യം,<br>ഗ്രന്ഥകർത്താവു്

# അവതാരിക

മലയാളത്തിന്റെ ദുർദ്ദശയിൽ പ്രാധാന്യമർഹിക്കുന്നതു് നർമ്മബോധരാഹിത്യമാണു്. ഭക്തിരസനിഷ്യന്ദികളായ സങ്കീർത്തനങ്ങളോ മദനസമരസമ്മർദ്ദാന്തരോൽഭ്രാന്തമായ മണിതമധുരമാധുര്യോക്തികളോ വിരളമായിട്ടുണ്ടെങ്കിൽ അതു സഹിക്കാം. രസികത ആ വിധത്തിലുള്ളതല്ല. വിശേഷിച്ചും, ലളിതരസചാതുരി ഉറഞ്ഞുതുള്ളിയിരുന്ന മലയാളക്കരയിൽ ഇന്നു ദർശിക്കാൻ സാധിക്കുന്ന ശുഷ്കത ദയനീയമെന്നല്ലാതെ എന്തു പറയാനാണു്! മലയാളികളുടെ കലാപ്രകടനങ്ങളിൽ കടന്നുകേറിനിന്ന ഈ നർമ്മബോധം വളരെ ചുരുങ്ങിയ രീതിയിൽ ഒതുങ്ങിയ നിലയിൽ ചിലരോടൊന്നിച്ചു് ഇന്നു കഴിയുന്നുണ്ടു്. ശ്രീ അനന്തസുബ്രഹ്മണ്യത്തിന്റെ പഞ്ചാഗവ്യം തുടങ്ങിയ ഹാസ്യപ്രകരണങ്ങൾ മലയാളത്തിന്റെ ആ പാരമ്പര്യം തീരെ നശിച്ചിട്ടില്ലെന്നു തെളിയിച്ചുകഴിഞ്ഞു. അദ്ദേഹമാണു് ചില കഥകളിനടന്മാരെ അരങ്ങത്തു കൊണ്ടുവരുവാനായി അണിഞ്ഞൊരുങ്ങൽ നടത്തിയിട്ടുള്ളതു്.

കഥകളി രാജയോഗ്യമായ ഒരു കലാസംവിധാനമായിരുന്നുവെന്നുള്ളതു സുവിദിതം. സാർവ്വജനമണിഞ്ഞിരുന്ന മണിമാലയിൽ ഖചിതരത്നമാമ

വശിയുടെ ഭാവസ്ഫൂർത്തിക്കു കോട്ടയത്തു രാജാവുതന്നെ അരങ്ങേറിയ കഥ സുപ്രസിദ്ധമാണല്ലോ. ചന്തുമേനോൻ, സി. വി. രാമൻപിള്ള, കെ. സി. കേശവപിള്ള, വള്ളത്തോൾ തുടങ്ങിയ സാഹിത്യത്തിലെ മഹാമകുടന്മാർ ആദരിച്ചാഹ്ലാദിച്ചു വന്ന ഈ കലാകേളി ആ വിധത്തിലും അതുല്യത വഹിക്കുന്നു. ആ കലാകൂടസ്ഥപരാക്രമക്രമം അനുകരിക്കമാത്രമാണു ഗ്രന്ഥകർത്താവു ചെയ്തിട്ടുള്ളതു്. അഭിനയകലയുടെ അത്യുന്നതപദവി വഹിക്കുന്ന കഥകളിയിൽ പ്രവർത്തിച്ചു പ്രശസ്തിയാർജ്ജിച്ച പ്രമുഖവ്യക്തികളെ സംബന്ധിച്ചു് പല ഐതിഹ്യങ്ങളും ഉണ്ടു്. അങ്ങനെ ഐതിഹ്യമായ പശ്ചാത്തലം അല്ല ഈ ഗ്രന്ഥത്തിനടിസ്ഥാനമാക്കിയിരിക്കുന്നതെന്നുള്ളതാണു് ആദ്യമായി ഈ ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം അനുവാചകരെ എനിക്കു പരിചയപ്പെടുത്താനുള്ളതു്.

വളരെ ചെറുപ്പം മുതല്ക്കു കഥകളിയിൽ രമിച്ചും രസിച്ചും ഒരു ദൃക്സാക്ഷി എന്ന നിലയിൽ തന്റെ അനുഭൂതികളെ പകർന്നുതരുവാനാണു ഗ്രന്ഥകാരന്റെ ഉദ്യമം. കേവലം ഉപരിപ്ലവമായ അവലോകനമല്ല കഥാമർമ്മങ്ങളിൽ കൈകടത്തിക്കൊണ്ടുള്ള ഒരു പ്രസ്ഥാനവിശേഷമായി ഇതിനെ രൂപവൽകരിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. ഒരു ആത്മകഥാകഥനത്തിന്റെ നേരിയ ഛായയിൽനിന്നുകൊണ്ടു ചെയ്യുന്ന ഈ നർമ്മസല്ലാപം സഹൃദയരെ രസിപ്പിക്കാതെ വരികയില്ല.

ഔത്തരാഹന്മാരായ കഥകളിനടന്മാരെ മാത്രമേ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ആ നിലയിൽ ഗ്രന്ഥസാകല്യം വന്നിട്ടില്ലെന്നു പറയണം. പക്ഷേ ഗ്രന്ഥകത്താവു പരിചയപരിധിയെ വിട്ടു ശ്രുതിവിഷയങ്ങളായ ഗവേഷണനൈപുണിയിലേക്കു പ്രവേശിച്ചിട്ടില്ലെന്നേ ഇതിനത്ഥമാക്കേണ്ടതുള്ളൂ. ശാരോദരീചടുലചാരുകടാക്ഷപാതപാഥേയവാനായ ഭീമസേനനായ കവളപ്പാറ നാരായണൻനായർ കല്യാണസൌഗന്ധികത്തെ തേടിക്കുന്ന മനോധർമ്മം അവിമൃശ്യകാരിയായിട്ടുണ്ടെന്നു പറയണം. ഇങ്ങനെ ചില അഭിപ്രായഭേദങ്ങളുണ്ടാകാമെന്നിരുന്നാലും ഈ ലഘുവിഭവം ആദ്യന്തം രസപ്രദമായിത്തന്നെ അനുഭവപ്പെട്ടും. ഈ ഉദ്യമത്തിൽ ഗ്രന്ഥകത്താവിനെ അഭിനന്ദിച്ചുകൊണ്ടു്,

കോട്ടയം,
4—12—50.

അയിരൂർ, സി. മാധവൻപിള്ള,
പത്രാധിപർ, മലയാളരാജ്യം.

# ചില കഥകളിനടന്മാർ

## 1. അച്ച്യുതൻനായര് (കരി)

1910-ാമത്തു് കൊല്ലത്തിൽ കാനേഷുമാരി സംബന്ധിച്ച്യ ഞാൻ പാലക്കാട്ട താലൂക്ക കേരളശ്ശേരി അംശത്തിൽ ഡ്യൂട്ടിയിൽ ആയിരുന്നു. അന്നേ ദിവസം അവിടെത്തന്നെ ഒരു കഥകളി ഉണ്ടായിരുന്നതുകൊണ്ടു് ആ അവസരം പാഴാക്കാൻ ഞാൻ ഉദ്ദേശിച്ചില്ല. കളിസ്ഥലത്തു ചെന്നപ്പോൾ കണ്ട ഒരു വേഷക്കാരൻനമ്പൂതിരിയുമായി കഥകളിയെപ്പററി സാമാന്യമായും അന്നത്തെ കളിയെപ്പററി വിശേഷമായും സംസാരിക്കാൻ ഇടയായി. അപ്പോൾ ആ ദേശക്കാരനായ അച്ച്യുതൻനായരെപ്പററി നമ്പൂതിരി പറഞ്ഞ ചില വിവരങ്ങളാണ ലേഖന വിഷയം.

അച്ച്യുതൻനായരുടെ വീട്ട മങ്കര സ്റ്റേഷന്റെ സമീപമാണു്. പ്രധാന വേഷങ്ങൾ കരിയും ചുവന്ന താടിയും. അമ്പാട്ടു യോഗത്തിൽ കുറെക്കാലം ഉണ്ടായിരുന്നതായും പറഞ്ഞു.

പൊന്നാനി താലൂക്കിലുള്ള പുന്നത്തൂർ സമീപം ഒരു അരങ്ങു നടക്കുന്നു. കഥ നരകാസുരവധം.

"നിന്നെക്കൊണ്ടുപോവതിന്നായി വന്നതും ഞാനിന്നു ധന്യ" എന്നുള്ള ലളിതയുടെ പദം അവസാനിക്കുമ്പോഴാണല്ലൊ നക്രതുണ്ഡി രംഗത്ത് വരേണ്ടതു് അതിന്നായി ഒരുങ്ങി അരങ്ങിൻെറ പിൻഭാഗത്തു് ഉലാത്തിക്കൊണ്ടിരിക്കയായിരുന്നു നക്രതുണ്ഡിവേഷധാരിയായ അച്ച്യുതൻനായര്. അടുത്തുള്ള കുടിയിലെ തേങ്ങക്കൂട്ടിൽനിന്നു ഒരു ചെക്കൻ തേങ്ങ ഉപായത്തിൽ വലിച്ചെടുക്കുന്നതു് ആ സമയത്തു കണ്ടു. ഉടനെ ഒന്നു ഭീതിപ്പെടുത്തേണമെന്നുമാത്രം കരുതി ഒരു കലാശം ചവുട്ടി കൂരിരുട്ടായിരുന്നതിനാൽ ശബ്ദശ്രവണമാത്രത്തിൽ ചെക്കൻ പരിഭ്രാന്തചിത്തനായി. തേങ്ങക്കൂടിൻെറ അഴിയിൽ പിടിച്ചിരുന്ന കയ്യു അവനറിയാതെ അഴിയുകയും അതോടുകൂടി ചെക്കൻ നിലംപതിക്കുകയും ചെയ്തു കുറച്ചുയരത്തിൽനിന്നായിരുന്നു ആ വീഴ്ച. അതോടുകൂടി കുട്ടിയുടെ ജീവൻ ചിത്രഗുപ്തൻെറ കണക്കിൽപ്പെടുകയും ചെയ്തു. കളി ഉടനെ അവസാനിപ്പിച്ചു. മുടിയും അഴിച്ചുവെച്ചു അറിയാതെ വന്നുപോയ അബദ്ധത്തിനെ ആലോചിച്ചു പശ്ചാത്തപിച്ചു. കുട്ടിയുടെ വീട്ടുകാരെ അന്വേഷിപ്പിച്ചു തേടിപ്പിടിച്ചു സമാധാനിപ്പിച്ചു പാപമോചനത്തിനായി കാശിക്കും രാമേശ്വരത്തേക്കും തീൎത്ഥയാത്രയായി പുറപ്പെട്ടുപോകയും ചെയ്തു.

കൊല്ലം ഏഴെട്ടു കഴിഞ്ഞിരിക്കുന്നു. തൃപ്പൂണിത്തുറയിൽ കൊച്ചിരാജവംശം വക ഒരു കളിയോഗം

നിത്യേന എന്നപോലെ കളി പൊടിപൊടിച്ചു ക ഴിയുന്നു അക്കാലത്തു കൃഷ്ണനാട്ടം കളിക്കും കഥകളി ക്കും രാവിലെ അഞ്ചുകടിയോടുകൂടിയ ഒന്നാന്തരം കഞ്ഞിയും പുഴുക്കും വൈകുന്നേരം "കാളനോലനെ രിശ്ശേരി, അടപ്രഥമൻ" ഇത്യാദി അടക്കമുള്ള സ ർവ്വാണി സദ്യയും മുട്ടാതെ നടന്നുവന്നിരുന്നു. റേഷ നും ക്ഷാമവും അന്നു നമ്മുടെ കേരളത്തിനെ തീണ്ടി യിരുന്നില്ല

കളിക്കാരുടെ കൂട്ടത്തിൽ ഒരു "താടിവാല" ദി വസേന വന്നു മൃഷ്ടാന്നംകഴിച്ചു പോകുന്നു. ആ വി ദ്വാൻ അരങ്ങത്തു വന്നിരുന്നു നിത്യേന കളി കാണു കയും ചെയ്യുന്നു. കുറെ ദിവസം ആരും ഒന്നും പറ ഞ്ഞില്ല. ഒരു ദിവസം കളിയച്ഛൻ ഈ താടിവാല യോട "നന്നെ കുറെ ദിവസമായി ഇവിടെ കാണുന്നു. കളിക്കാർക്കുള്ള സദ്യയിൽ ഒന്നിച്ചിരുന്നു ഉൗൺ കഴിപ്പാൻ വഴിപോക്കർക്ക് അവകാശമില്ല. അതി നാൽ നാളെ മുതൽ ഇക്കൂട്ടത്തിൽ കാണരുതു്" എ ന്നൊരു താക്കീതു്. തൻെറ നിസ്സഹായതയെപ്പററി പറഞ്ഞു് തൻെറ പേരിൽ കൃപാലേശം വേണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷയെ കളിയച്ഛൻ ഒടുവിൽ സ്വീകരിച്ചു. പക്ഷെ ഒരു കരാറിൽ, ഉൗൺ വേണമെങ്കിൽ കളി ഉള്ള ദിവസം ഇടയ്ക്കു തിരശ്ശീല പിടിക്കേണമെന്നു. നിവൃത്തി ഇല്ലാത്ത തിനാൽ ഈ ഗോസായി അതിന്നും സമ്മതംമൂളി.

ഒരു ദിവസം വടക്കൻ ബകവധം കളി നടക്ക

ന്നു. നമ്മുടെ ഗോസായി തിരശ്ശീലയും പിടിച്ചിരിക്കുന്നു. ബകൻെറ വരവായി. ബകൻ തിരശ്ശീല പിടിച്ചുവലിച്ചു "ഗാ" എന്നു് അലറുന്നു. നമ്മുടെ ഗോസായി താൻ അറിയാതെ "ആയി, ആയി" എന്നു പുച്ഛിച്ചുപറഞ്ഞു പോവുന്നു. ബകനും രംഗവാസികളിൽ ചിലരും മേളക്കാരും പാട്ടുകാരും ഇതു പ്രത്യേകം "നോട്ടു" ചെയ്യുന്നു.

കളി കഴിയേണ്ട താമസം. ഗോസായിയെ പിടിച്ചു കൊണ്ടുവരുവാനായി കളിയച്ഛൻ കല്പന പാസ്സാക്കി. ഇപ്രകാരം "ആയി, ആയി" എന്നു പറഞ്ഞു് അപമാനിപ്പാനുള്ള കാരണം വെളിപ്പെടുത്തേണമെന്നും ഇല്ലെങ്കിൽ രാജശിക്ഷയ്ക്കു വിധേയനാവുമെന്നും ഉൗണിൻെറ കാര്യം തീർച്ചയായും കഷ്ടമാവുമെന്നും ഭീതിപ്പെടുത്തി. താൻ ആരേയും ഉദ്ദേശിച്ചു അങ്ങിനെ പറഞ്ഞുപോയതല്ലെന്നും തൻെറ കഷ്ടാവസ്ഥയെ ഓർത്തു് താൻ അറിയാതെ വന്നുപോയ വാക്കുകളായിരുന്നു അവ എന്നും ഗോസായിവേഷക്കാരൻ ക്ഷമായാചനം ചെയ്തു. ഫലമുണ്ടായില്ല.

പിറേറ ദിവസവും കഥ ബകവധംതന്നെ. ഗോസായിയെ ഒന്നു ചുററിക്കേണമെന്നു കളിയച്ഛനും കളിയോഗക്കാരുംകൂടി തീർച്ചയാക്കി. പൊന്നുതമ്പുരാൻെറ അനുവാദവും വാങ്ങി. ബകൻെറ വേഷം ഗോസായിക്കു! അദ്ദേഹത്തെ പിടിച്ചുവെച്ചു താടിയും മീശയും കളയിപ്പിച്ചു. സുമാറു 45 വയസ്സ് പ്രായം. ആജാനബാഹു. നമ്മുടെ ഗോസായിയെ. അണി

യറയിൽ കിടത്തി ചുട്ടിയുംവെച്ചുതുടങ്ങി. "നിങ്ങ ളെന്തെങ്കിലും കാട്ടിക്കൊൾവിൻ. ഇന്നലെ ബകൻ കാട്ടിയപോലെ ഞാൻ എന്തെങ്കിലും കാട്ടിക്കൂട്ടാം. അല്ലാതെ ഞാനെന്തു ചെയ്യും എൻെറ വിരപ്പെട ക്കാൻ എനിക്കു വേറെ മാർഗ്ഗമില്ലാതിരിക്കുമ്പോൾ" എന്നും പറഞ്ഞാണത്രെ ചുട്ടിക്കു കിടന്നതു്.

ചുട്ടി കത്തി കഴിഞ്ഞപ്പോൾ വേഷത്തിന്നുള്ള മുഖപ്പകച്ചയും ഉടുത്തു കെട്ടുമ്പോൾ കാണിച്ച ശൗ ര്യവും കളിക്കാരെ അന്ധാളിപ്പിച്ചു. ആൾ ചില്ലറ അല്ലെന്നു മനസ്സിലാക്കി. ഇദ്ദേഹത്തെ ചെണ്ടകൊ ട്ടിപ്പാൻ ഒരു വഴിയും ഉറച്ചുവെച്ചു.

ശ്ലോകം ചൊല്ലിക്കഴിഞ്ഞാൽ അതിൻെറ അവ സാനത്തെ സ്ഥായിയിൽ വേഷക്കാരൻ അരങ്ങത്തു തിരശ്ശീലക്കു പിന്നിൽ വന്നു അലറേണമെന്നാണ ല്ലൊ വെപ്പ്. ഉടുത്തുകെട്ടു കഴിയുന്നതിന്നുമുമ്പായി ത്തന്നെ

ശ്രുത്വാ ഭീമപ്രണാദം ശ്രുതികടു ഝടിതി
പ്രൈേഢരക്ഷോധനാഥഃ
ക്രോധാൽ പ്രോത്ഥായ നേത്രക്ഷരദനലകണൈഃ
ക്രൂരധൂഷ്ടാട്ടഹാസൈഃ
പ്രേംഖൽദംഷ്ട്രാംശുരൗദ്രഃ പ്രളയഘനവപുഃ
കാനനാന്താൽ പ്രതസ്ഥേ
മാർഗ്ഗംനിർഭാനമാർഗ്ഗം പഥിവിവിധമിദം
പ്രോച്ചകൈരുച്ചചാര

എന്ന ശ്ലോകം ഭാഗവതർപാടി അവസാനിപ്പിച്ചു.

ശ്ലോകാവസാനം കേട്ടതോടെ അണിയറയിൽനിന്നു തന്നെ കിരീടംവെക്കുന്നതിന്നുമുമ്പായി വേണ്ടപ്രകാരം മൂന്നുപ്രാവശ്യം വേഷക്കാരൻ അലറി. കാണികളും കളിക്കാരും സ്തബ്ധരായി. അതുംകഴിഞ്ഞു അഞ്ചു മിനുട്ടിന്നുശേഷമായിരുന്നു അരങ്ങത്തേക്കുള്ള ചുവന്ന താടിയുടെ വരവു്. "ഝലം ഝലം" എന്നുള്ള ഒച്ചകേട്ടു ഉറക്കം തൂങ്ങിയിരുന്നവർ ഞെട്ടി എണീറ്റു. മാളികമുകളിൽനിന്നു കളികണ്ടുകൊണ്ടിരുന്ന പെരുമ്പടപ്പുതമ്പുരാൻ അരങ്ങത്തേക്കു അകമ്പടികളോടുകൂടി വന്നു ആസനസ്ഥനായി. ശിഷ്ടം കളി തൃക്കൺപാൎക്കുകയും ബകവേഷധാരിക്കു രണ്ടു കൈയ്യ്ക്കും വീരശൃംഖല അരങ്ങത്തുവെച്ചുതന്നെ സമ്മാനിക്കുകയും വെളിച്ചായശേഷം തിരുമുമ്പിൽ വന്നു കാണുവാൻ ഉത്തരവാകയും ചെയ്തു

അപ്പോഴാണു് മനസ്സിലായതു, മരിച്ചോ നാട്ടുവിട്ടോ പോയ അച്ചുതനാണു് ഈ ഗോസായി വേഷധാരിയായിരുന്നതു് എന്നു്. അതിൽപ്പിന്നെ ആ യോഗക്കാരുടെ കളിയച്ഛനായും ആദ്യവസാനവേഷക്കാരനായും ഇരിക്കേണമെന്നുള്ള തമ്പുരാന്റെ അരുളപ്പാടിന്നു സസന്തോഷം സ്വീകരിച്ചു ഒരു വ്യാഴവട്ടക്കാലം ആ യോഗത്തിലെ ആശാനായും അച്ചുതൻനായര് കാലക്ഷേപം ചെയ്തുവന്നിരുന്നു.

# 2. പരശ്ശുപ്പട്ടര് (വെള്ളത്താടി)

പാലക്കാട്ടു മുൻസിപ്പാലിററിയുടെ അതിർത്തിയിൽനിന്നു സുമാറു നാലു നാഴിക ദൂരമുള്ള എണ്ണപ്പാടം ഗ്രാമത്തിലാണ് പരശ്ശുപ്പട്ടരുടെ ഭവനം. ശ്രീ ആഞ്ജനേയരെ ഭജിച്ചു പ്രത്യക്ഷമാക്കിയിരുന്ന ഉപാസനക്കാരിൽ ഒരാളായിരുന്നു നമ്മുടെ കഥാപുരുഷൻ.

പരശ്ശു പച്ചയും കത്തിയും കെട്ടിയിരുന്നു എങ്കിലും പ്രധാന വേഷം വെള്ളത്താടിയായിരുന്നു. തോരണയുദ്ധം, ലവണാസുരവധം, കല്യാണസൗഗന്ധികം ഈ കഥകൾ ആടാത്ത ദിവസങ്ങൾ അക്കാലങ്ങളിൽ ദുർല്ലഭമായിരുന്നു. വെള്ളത്താടിക്കുള്ള വേഷപ്പകർച്ച കേമമായിരുന്നുവത്രെ.

തിരനോക്കു കഴിഞ്ഞാൽ അടുത്തുള്ള പുരപ്പുറത്തേക്കു ഒററച്ചാട്ടത്തിൽ പാഞ്ഞു കയറും. അവിടന്നു "ഉയ്യഹ" എന്നു അലറിയതിന്നുശേഷം പുരപ്പുറത്തുകൂടി അങ്ങോട്ടും ഇങ്ങോട്ടും പാഞ്ഞുകളിക്കും. പിന്നെ അവിടന്നു കീഴ്പ്പോട്ടേക്ക് ഒററച്ചാട്ടം ചാടും. പിന്നീട്ടും തിരശ്ശീലക്കു പിന്നിൽവന്നു തിരനീക്കി മുഖം മാത്രം കാണിക്കും. കൊഞ്ഞനം കാണിക്കും. കുരങ്ങൻെറ ചേഷ്ടകൾ മുഴുവൻ കാണിച്ചു കാണികളെ ഹാസ്യലഹരിയുള്ളവരാക്കി തീർക്കും.

തലശ്ശേരിയിൽ തിരുവങ്ങാട്ട് അമ്പലം എന്നൊരു മഹാക്ഷേത്രമുണ്ടല്ലോ. അവിടത്തെ പ്രധാ

ന ദേവൻ ശ്രീരാമസ്വാമിയും ഉപദേവൻ ഹനുമാനുമാണു്. ആ ക്ഷേത്രസന്നിധിയിൽ വെച്ചു് ഒരു അരങ്ങുണ്ടായിരുന്നു. കഥ തോരണയുദ്ധം തിരനോക്കു കഴിഞ്ഞതോടെ ആവേശം വന്നതിനാൽ പിന്നെ പാഞ്ഞുകയറിയതു് ധ്വജസ്തംഭത്തിന്മേൽ ആയിരുന്നു അതിൻെറ ഉച്ചിയിൽ കയറി ഒന്നലറി പെട്ടെന്നു കലിനിന്നുപോയതിനാൽ ഇറങ്ങാൻ വഴികാണാതെ വിഷമിച്ചു. രാത്രിയാണെങ്കിൽ കൂരിരുട്ടുള്ള കാലം. ധ്വജത്തിൻെറ ചുവട്ടിൽ ചെന്നു പന്തവും മററും കൊളുത്തി വെളിച്ചം കാണിച്ചുകൊടുത്തു കീഴ്പോട്ടേക്കു് ഇറങ്ങുവാൻ. വഴി ഒന്നും കണ്ടില്ല. ഇങ്ങനെ ഒരു മണിക്കൂറുനേരം കഴിഞ്ഞു. ഒടുവിൽ പരശ്ശുപ്പട്ടര് അവിടെ ഇരുന്നുംകൊണ്ടുതന്നെ ശ്രീഹനുമാനെ ധ്യാനിച്ചുതുടങ്ങി. കുറെ കഴിഞ്ഞപ്പോൾ ആവേശം വന്നു കേട്ടു അലച്ചു, ധ്വജത്തിൻെറ ഉച്ചിയിൽനിന്നു്. നൊടിനേരത്തിൽ ക്ഷേത്രനടയ്ക്കലുള്ള ചിറ കടന്നു ഒരു ചാട്ടം. ഹനുമാൻെറ അനുഗ്രഹത്താൽ യാതൊരു പരുക്കും പററിയില്ല. ആ വലിയ ചിറയെ സമുദ്രമെന്നും ചിറക്കപ്പുറം ലങ്കാധിപൻെറ രാവണപുരിയാണെന്നും ധ്യാനിച്ചു ചാടിയതാണെന്നു പറയേണ്ടതില്ലല്ലൊ. അപ്പോഴക്കും കിഴക്കുദിച്ചതിനാൽ അഴകിയ രാവണൻെറ പ്രതാപങ്ങളും സദസ്യർക്കു് കാണുവാൻ സംഗതി വന്നില്ല. ഈ സംഗതി പരശ്ശുപ്പട്ടരെ നേരിൽ കണ്ടു പരിചയമുള്ള ഒരു വയോവൃദ്ധനാണു് എന്നോടു പറഞ്ഞതു്.

ആ വൃദ്ധൻ ഒരു കളിഭ്രാന്തനാണെന്നും എനിക്കറിയാം.

———o———

# 3. കുട്ടിരാമപ്പണിക്കർ (ചുവന്ന താടി)

അദ്ദേഹത്തിൻെറ തെററുതിക്കലൊണു് കഥാവിഷയം. പണിക്കരുടെ സ്വദേശം ഒളപ്പമണ്ണമനയ്ക്കൽനിന്നു സുമാറു് അഞ്ചാറു നാഴിക ദൂരത്താണു്. പണിക്കർ മനയ്ക്കലെ കുടിയാനുമാണു്.

മനയ്ക്കൽ ഇടയ്ക്കിടെ കഥകളി പതിവാണു്. രാത്രി കളി വേണമെന്നു് ഉച്ചയ്ക്കാണു് തീച്ചപ്പെടുത്തുക. ഉറച്ചാൽ ഉടനെ അടുത്തുള്ള വേഷക്കാക്കു തിരുവെഴുത്തു് അയക്കും. കല്പനപ്രകാരം വേഷക്കാർ വരേണ്ടതാണു്. കളികഴിഞ്ഞു മുഖം കാണിക്കുമ്പോൾ പ്രതിഫലം കിട്ടിയാൽ കൈനീട്ടി വാങ്ങാം. ഇല്ലെങ്കിൽ കുമ്പിട്ടു യാത്രപറഞ്ഞു പോകയുംചെയ്യാം. എന്നാൽ വെറുംകയ്യോടെ മടക്കി അയക്കുന്ന സമ്പ്രദായം ഒരുദിക്കിലും പതിവില്ലെന്നു് ഉറപ്പിച്ചു പറയാം.

ഒരുദിവസം ഉച്ചയ്ക്കു മനയ്ക്കൽനിന്നു പണിക്കക്കു് ഒരു തിരുവെഴുത്തു കൊണ്ടുവന്നു മനയ്ക്കലെ എഴാംകൂലി. രാത്രി കളി നിശ്ചയിച്ചിരിക്കയാൽ വൈകുന്നേരം നേരത്തെ ഊണിനു തക്കവണ്ണം എത്തണമെന്നായിരുന്നു അരുളപ്പാടു്. കത്തു കിട്ടുന്നസ

മയം പണിക്കരുടെ പ്രകൃതം പന്തിയായിരുന്നില്ല.

തദനു സ ബലഭദ്രൻ കാന്തമാരോടുമൊന്നി–
ച്ചതിമദനരസാർത്ത്യാ രൈവതംപുക്കമോദാൽ
മധുമധുമനോജ്ഞം പായയിത്വാ ച പീത്വാ
മതിസമമുഖിയോടങ്ങൂചിവാൻ വാചമേവം

എന്നുള്ള പദം ആടുമ്പോഴുള്ള നിലയിലായിരുന്നു. "കല്പിച്ചു തിരുവെഴുത്ത് അയക്കുമ്പോഴൊക്കെയും കൂട്ടി രാമനു വരാൻ സാധിക്കില്ല. അഞ്ചുറുപ്പികയുടെ ചെമ്പുകാശുണ്ടെങ്കിൽ അടിയൻ വരും" എന്നാണ് മറുപടി പറഞ്ഞയച്ചതു്. ഇതു കേൾക്കേണ്ട താമസം "സ്മാരം സ്മാരം സമസ്തപ്രതിഭടപടലീ ഘസ്മരോഷ്മാസഹിമഃ" എന്ന പദം അഭിനയിച്ചുതുടങ്ങി നമ്പൂതിരിപ്പാട്. "കൃത്വാ ഘോരവിരോധം" എന്നുള്ള നിലയിലായി "ഓ അഞ്ചുറുപ്പികയല്ല, അഞ്ഞൂറു വേണമെങ്കിലും തരാൻ ഇവിടെ ത്രാണിയുണ്ട്" എന്നു പറഞ്ഞേക്ക എന്നുംപറഞ്ഞു വീണ്ടും ആളയച്ചു.

കളി അതിശയകരമായി കഴിഞ്ഞു. പണിക്കരുടെ ബാലിയും പൊടിപൊടിച്ചു. കഥ ബാലിവധമായിരുന്നു. രാവിലെ വിടകൊള്ളാൻ പണിക്കർ തെയ്യാറായി. തിരുമുമ്പിൽ ചെന്നു് ഓച്ഛാനിച്ചു കൈകെട്ടി വായപൊത്തി നിന്നു.

നമ്പൂതിരിപ്പാട് മറവുള്ള വേഷക്കാൎക്കു പതിവിലധികം സമ്മാനങ്ങൾകൊടുത്തു പറഞ്ഞയച്ചു. പണിക്കർമാത്രം ബാക്കിയായി. "പണിക്കരുടെ ബാ

ലി കേമായിട്ടാ. അഭിനയം അതിലും അതിശം. ആവശ്യപ്പെട്ട പറഞ്ഞയച്ച അഞ്ചുറുപ്പികയല്ല തരാൻ നിരീക്കുന്നതു്. വലിയൊരു സമ്മാനമാമിച്ചാരബാക്കി നൂററിൽചില്വാനം ബാക്കി ഉണ്ടെന്നു കാര്യസ്ഥൻ ഇട്ടീണാൻ പറഞ്ഞു. അതിൽനിന്നു് അഞ്ചുറുപ്പിക കഴിച്ചു ബാക്കി ഇപ്പോൾതന്നെ എണ്ണണം. തൽക്ഷണം വസ്തു കഴഞ്ഞുതരികയും വേണം" എന്നരുളചെയ്തു

സദ്ബുദ്ധിയോടുകൂടിയല്ല, തലേദിവസം അങ്ങിനെ പറഞ്ഞുപോയതെന്നു പണിക്കർ കേണുവീണു് അപേക്ഷിച്ചു കിംഫലം? സമയം നട്ടുച്ചയായി. പണിക്കർ നിന്നനിലയിൽതന്നെ.

നമ്പൂരാർ കുളിയും ഊണും കഴിഞ്ഞു പൂമുഖത്തു കൗപീനമാത്രധാരികളായി വട്ടമിട്ടു ഇലഅമരേത്തു് ആരംഭിച്ചു. പണിക്കരാണെങ്കിൽ രാവണന്മാരുടെ മുമ്പിൽ നാരദനെന്നപോലെ വിറച്ചും തുടങ്ങി. പണിക്കരുടെ പരവശത കണ്ടപ്പോൾ ഒട്ടുവിൽ മനസ്സലിഞ്ഞ നമ്പൂതിരിപ്പാടു് പണിക്കർക്കു് ഒരു പ്രായശ്ചിത്തം നിശ്ചയിച്ചു. "തെററുവാരു"മാണെന്നു ആരും വിചാരിക്കരുതു്. അതു് ആ മനസ്സിലേക്കു് ബാധകമല്ല.

"പണിക്കരുടെ അലച്ചു കേമമായി കേട്ടിട്ടുണ്ടു്. ഇന്നലെ ഒട്ടു മതിയായില്ലെന്നും. അതിനാൽ അതിശായട്ടു ഇപ്പോ മൂന്നലച്ചു അലറാമെങ്കിൽ പണിക്കർക്കു് മാപ്പുതരാം" എന്നായിരുന്നു തിരുമേനിമാ

രുടെ വിധി.

"ഇന്നുരാത്രി ഒരു അംങ്ക കല്പിച്ച് അനുവദിക്കാമെങ്കിൽ അലച്ച് ഒന്നാന്തരമാക്കാം" എന്നും മറ്റുമുള്ള പണിക്കരുടെ അപേക്ഷയെ നമ്പൂതിരിപ്പാട് ഉപേക്ഷിക്കയാണ ചെയ്തതു്. കുംഭമാസകാലത്തു നട്ടുച്ച സമയത്തു പച്ചവെള്ളം കൂടി കഴിച്ചിട്ടില്ലാത്ത കിട്ടിരാമൻ ഗത്യന്തരമില്ലായ്കയാൽ ആ തിരുമുററത്തു് വെച്ചുതന്നെ മൂന്നു അലച്ച് അലറി. ഗപ്പാ. ഗപ്പാ. ഗപ്പാാാ....

മനയ്ക്കലേക്ക ചുററും സുമാറ് അരമൈൽ ദൂരത്തുള്ള കുടികളിലെ ജനങ്ങൾ ഈ അസാധാരണസംഭവം കേട്ട പരിഭ്രാന്തചിത്തരായി. പണിക്കരുടെ തെററു തീക്കലും അങ്ങിനെ അവസാനിച്ചു.

---

# 4. കുഞ്ചുക്കർത്താവും ഈശ്വര മേനോനും

ഈ കഥാനായകന്മാർ വളരെക്കാലം അദ്യവസാനമായി നടന്നിരുന്നതു് കോഴിക്കോട്ടു മണ്ണൂലിക്കത്തിൽനായരുടെ യോഗത്തിൽ ആയിരുന്നു. ഈശ്വരമേനോൻെറ പച്ചക്ക അത്ര സുഖംപോരാ. സന്താനഗോപാലത്തിലേയും രുഗ്മിണീസ്വയംവരത്തിലേയും ബ്രാഹ്മണനാണ കേളികേട്ട വേഷം. പി

ന്നെ നാരദൻ, ദുർവ്വാസാവു മുതലായ മിനുക്കവേഷങ്ങൾ, കത്തി, വെള്ളത്താടി ഇവയുമായിരുന്നു മററവേഷങ്ങൾ. ഇദ്ദേഹത്തിൻെറ മകനാണു തോലനൂര് കരുണാകരമേനോൻ. മകൻെറ വേഷങ്ങളും അച്ഛൻെറതുപോലെതന്നെ. അണുമാത്രം വ്യത്യാസമുണ്ടായിരുന്നില്ല. എന്നാൽ മകന്നു വിശേഷവധിയായി സുമാറു പാടാനും ഒരുമാതിരി നല്ലവണ്ണം ചെണ്ടമേളം വായിപ്പാനുംകൂടി വശത ഉണ്ടായിരുന്നു. ഈ വക സംഗതികൾ ഇതെഴുതുന്നാൾക്ക് നേരിട്ടു അനുഭവമുള്ളതാണു്. കുചേലൻെറയും ബാഹുകൻെറയും വേഷങ്ങൾക്കു പ്രസിദ്ധിപെററ തകഴി കഞ്ചുക്കുറുപ്പും നമ്മുടെ കരുണാകരമേനോനും കുറെക്കാലം ഒരു കളിയോഗമായി നടന്നിരുന്നതും എനിക്കറിയാം. ഈ കരുണാകരമേനോൻെറ ശിഷ്യത്തിയാണു ലൂയി ലൈററ്ഫൂട്ട് എന്ന വിദുഷി, ഇപ്പോൾ ആനന്ദശിവരാമൻെറ ഒന്നിച്ചു് സ്ത്രീവേഷം അഭിനയിക്കുന്ന മഹിളാരത്നം.

കഞ്ചുക്കത്താവിന്നു സ്വല്പം ബുദ്ധിഭ്രമം ഉണ്ടായിരുന്നു ഒരു കാലത്തു വേറെ ഏതോ വേഷക്കാരനായുള്ള മത്സരത്തിൽ ഇദ്ദേഹത്തിന്നു ആഹാരത്തിൽ ആരോ വിഷപ്രയോഗം ചെയ്തു എന്നും അതുനിമിത്തമാണു ബുദ്ധിക്കു ഭ്രമം വന്നതു് എന്നും പറയപ്പെടുന്നു ഇദ്ദേഹത്തിന്നു എല്ലാ വേഷങ്ങളും കെട്ടാൻ വശതയുണ്ടായിരുന്നു.

കഥ ബാലിവധം. ബാലിയുടെ വേഷം കഞ്ചു

ത്താവിന്നു്. സാധാരണയായി ചുട്ടികഴിഞ്ഞാൽ ഇന്നതാണു് അന്നത്തെ കഥ എന്നും അതിൽ ഇന്നതാണു തൻെറ വേഷമെന്നും അണിയറയിൽനിന്നു പുറപ്പെടുമ്പോഴം കണ്ണുത്തിൽ മന്ത്രച്ചുവക്കും "മര നീര്" ധാരാളം ചെന്നാൽ അന്നു അരങ്ങു പൊടിപൊടിക്കും. അങ്ങിനെയാണു പതിവു്.

എന്നാൽ ബാലിയുടെ വേഷംകെട്ടി അരങ്ങത്തു വന്നു അഭിനയിച്ചുതുടങ്ങിയതു് രാവണൻെറ കൈലാസോദ്ധാരണമായിരുന്നു. ഇതു കണ്ടു കാണികൾ മൂക്കത്തു വിരൽവെച്ചുതുടങ്ങി. രംഗവാസികളിൽ ചിലർ ആംഗ്യം കാണിച്ചു് അറിവുകൊടുത്തു. പാട്ടുകർ ചെകിട്ടിൽ പറഞ്ഞുംകൊടുത്തു. അവയിലൊന്നിലും ഉണ്ടായില്ല ക്ലസൽ അദ്ദേഹത്തിന്നു്. ആട്ടം കഴിയാറായപ്പോളാണു തൻെറ അമിളി അദ്ദേഹം അറിഞ്ഞതു്. ഉടനെ ഒരു യുക്തി തോന്നി. അങ്ങിനെയുള്ള ലങ്കാധിരാജനെ ഈ വാൽകൊണ്ടു ബന്ധിച്ച വീരനാണു ഞാൻ എന്നു തന്മയമായി അഭിനയിച്ചപ്പോഠം സഭാവാസികഠം ഹസ്തതാഡനം ചെയ്തു.

ബകവധത്തിൽ ആശാരി, ലവണാസുരവധത്തിൽ മണ്ണാൻ എന്നീ വേഷങ്ങളും വൻകിടയില്ലുള്ളവ ആയിരുന്നു നമ്മുടെ കത്താവിന്നു്.

എടക്കുളം സ്റ്റേഷൻെറ അടുത്തു ഒരു ഓട്ടുകമ്പനി ഉണ്ടല്ലൊ. ബാസ്യൽമിഷൻ കമ്പനിക്കാരുടെ വകയായിരുന്നു അതു്. അവിടെ ഒരു ദിവസം വന്നു

മുറുക്കാൻ വട്ടംകൂട്ടി നമ്മുടെ കത്താവു്. വെററില മുതലായതു ഇരുമ്പുരലിൽ ഇട്ടു ചതക്കാൻ ഭാവിക്കയായിരുന്നു ഒട്ടുകമ്പനിസായ്പിൻെറ നായ ആ വഴിക്ക മണത്തുംകൊണ്ടു വരവായി. നായ കുററനും ശീമച്ചരക്കുമായിരുന്നു. അതു തന്നെ കടിച്ചേക്കുമോ എന്നു കത്താവിന്നു ശങ്കതുടങ്ങി. എളുപ്പത്തിൽ പോവുന്ന നായയല്ല അതു എന്നു തോന്നിയതിനാൽ കല്ലൊന്നു പെറുക്കി എറിയുന്നതായി ഒന്നു അഭിനയിച്ചു. കല്ലു മണ്ടക്കുവീണു എന്നു കരുതിയ നായ ബൌ, ബൌ, എന്നൊക്കെ കരഞ്ഞുംകൊണ്ടു് ഉരുണ്ടുരുണ്ടു സായ്പിൻെറ മുമ്പിൽ സങ്കടഹരജി ബോധിപ്പിച്ചു. കത്താവു് അവിടെത്തന്നെ ഇരുന്നു സുഖമായി മുറുക്കാനും തുടങ്ങി

സായ്പും മദാമ്മയും പാഞ്ഞുവന്നു കേസ്സു് അന്വേഷണംചെയ്യുവാൻ. കത്താവിനെ ശാസിച്ചു അവരുടെ അരുമസന്താനത്തെ അലങ്കോലപ്പെടുത്തിയതിന്നു സമാധാനം ബോധിപ്പിപ്പാൻ. താൻ നിരപരാധിയാണെന്നും കല്ലൃറു ചെയ്തിട്ടില്ലെന്നും വേണമെങ്കിൽ ബോദ്ധ്യപ്പെടുത്തിത്തരാമെന്നും പറഞ്ഞു. അപ്പോഴയ്ക്കു കമ്പനി പിരിയേണ്ട സമയമായിരുന്നതിന്നാൽ കമ്പനിപ്രവൃത്തിക്കാരും മററുമായി വളരെ ജനങ്ങൾ തടിച്ചുകൂടി.

സായ്പും മദാമ്മയും ഓരോ കസേരയിൽ ആസനസ്ഥരായി. എല്ലാവരുംകൂടി ഓരോ പഴങ്കഥയും പറഞ്ഞു, തന്നെത്താൻ മറന്നു, രസിച്ചുകൊണ്ടിരി

ക്കുന്ന മദ്ധ്യേ കൎത്താവു പെട്ടന്നു തന്റെ അടുത്തി
രുന്ന ഒരു വലിയ കല്ലെടുത്തു സായ്പിന്റെയും മദാ
മ്മയുടേയും നേൎക്ക് എറിയുംപോലെ ഒന്നു അഭിന
യിച്ചു. ബകവധത്തിൽ ആശാരി മരം മുറിക്കുന്ന
മദ്ധ്യേ മഴു കൈമോശം വന്നതായി നടിക്കുന്ന രീതി
യിൽ. അയ്യോ എന്നു നിലവിളിച്ചുംകൊണ്ടു സാ
യ്പും മദാമ്മയും കസേരകളിൽനിന്നു മറിഞ്ഞുവീണു.
ആ സ്ഥലം മണൽപ്രദേശമായിരുന്നു. തിരുനാവാ
യ തീരമാണല്ലൊ. കൂലക്കാർ വേഗം തങ്ങടെ യജ
മാനനേയും അദ്ദേഹത്തിന്റെ ധൎമ്മദാരങ്ങളേയും
താങ്ങി. വെള്ളം തെളിച്ചു മോഹാലസ്യം തീൎത്തു.
ഒടുവിൽ ഐതിഹ്യമാല മൂന്നാം പുസ്തകത്തിൽ പറ
യുന്ന അമ്മന്നൂര് പരമേശ്വര ചാക്യാരെപ്പോലെ
സായ്പിന്റെ കയ്യിന്നു് ഒരു മോതിരം സമ്മാനം വാ
ങ്ങി. കൎത്താവു യാത്ര പറഞ്ഞു പോകയും ചെയ്തു.

---

## 5. കുഞ്ചുപ്പണിക്കർ (കത്തി)

ശേഖരീപുരം കുഞ്ചുപ്പണിക്കർ ആദ്യവസാന
ക്കാരനായിരുന്നതു പാലക്കാട്ടു രാജവംശത്തിലെ ഒ
രു അംഗവും നല്ല കവിയും പേരുകേട്ട ജ്യോത്സ്യനു
മായിരുന്ന വിദ്വാൻ കോമ്പിഅച്ഛന്റെ കഥകളി
യോഗത്തിൽ ആയിരുന്നു. ഈ കോമ്പിഅച്ഛൻ നീ
ലാസുരവധമെന്നും നരസിംഹാവതാരമെന്നും രണ്ടു്

ആട്ടക്കഥകൾ നിർമ്മിച്ച് അരങ്ങേററം കഴിച്ചിട്ടുണ്ട്. ഏമൂർ ഭഗവതിസന്നിധിയിൽ വെച്ചായിരുന്നു ആ അരങ്ങേററം. ഈ ഭഗവതി രാജവംശത്തിന്റെ കുലദൈവവുമാണല്ലൊ. ഈ കളിയോഗം കൊക്കാച്ചം പാലക്കാട്ട് താലൂക്കിൽ വളരെ പ്രചരണമുണ്ടായിരുന്നു. പണിക്കരുടെ പ്രധാന വേഷം കത്തിയായിരുന്നു

പണിക്കർ ഒരു കാലത്തു നളൻ മുതലായ വേഷങ്ങളും കെട്ടി ആടിയിരുന്നതു് ഞാനറിയും. എന്നാൽ ഇടയ്ക്കു വസൂരി ഉണ്ടായി മുഖത്തു കല വന്നശേഷം പച്ച അധികം കെട്ടി ആടിയിരുന്നില്ല. കെട്ടിയാൽ മുഖത്തു കോട്ടം കണ്ടിരുന്നതുതന്നെ കാരണം. ബാലിവധത്തിലെ രാവണനായിരുന്നു പണിക്കരുടെ പ്രധാന വേഷം.

ദശാസ്യനങ്കേ വമുരച്ചവേഗാ_
ലെടുത്തു സീതാം ബത തേരിലാക്കി
നടന്നനേരം പരിതാപഖിന്നാ
ദശാസ്യമാലോക്യ രുരോദ താരം

എന്ന ശ്ലോകം അഭിനയിക്കുമ്പോൾ സന്ന്യാസിവേഷം മാറി ചന്ദ്രഹാസം കയ്യിലാണ്ടു് അരങ്ങത്തേക്ക് അലറിക്കൊണ്ടുവരുന്നതും ചന്ദ്രഹാസംകൊണ്ടു ഭൂമിയെ സീതാദേവിയോടുകൂടി കുത്തിഎടുത്തു തേരിൽ ഏററിപ്പോകുന്നതായി അഭിനയിക്കുന്നതും കാണേണ്ട കാഴ്ചയായിരുന്നു.

---o---

# 6. കൊറണാത്ത് അച്യുതമേനോൻ

(പച്ച)

കേളികേട്ട അമ്പാട്ട യോഗത്തിലായിരുന്നു അച്യുതമേനോന്റെ അഭ്യാസവും അരങ്ങേററവും കാലക്ഷേപവും. ഈ യോഗത്തിലായിരുന്നുവല്ലോ നളൻ ശങ്കരമേനോനും മരുമകൻ ശേഖരമേനോനും. ഇവരെപ്പററി പ്രത്യേകം ഒരു ലേഖനം ഇതിൽ എഴുതിച്ചേർക്കുന്നുണ്ട്.

കത്തിക്കും പച്ചക്കും തന്മയത്വം വരുത്തുവാൻ ഇതുപോലത്തെ വേഷക്കാർ ഉണ്ടായിട്ടുമില്ല, ഇനി ഉണ്ടാവാൻ പ്രയാസവുമാണു. അച്യുതന്റെ അഭ്യാസം ശങ്കരമേനോന്റെ കീഴിലായിരുന്നതിനാൽ രണ്ടാംദിവസത്തെ നളൻ, പ്രത്യേകിച്ചു ദമയന്തിയുമായി വേർവാട്ടുരംഗം കാണേണ്ട കാഴ്ചയായിരുന്നു. തന്റെ അഭിനയംകൊണ്ടു കാണികളുടെ ഹൃദയത്തെ ഹഠാദാകർഷിച്ചു ആ വേർപാട്ടുസമയത്തു കാണികളുടെ നേത്രങ്ങളിൽനിന്നു ധാരധാരയായ ബാഷ്പവർഷം ഉണ്ടാക്കുന്നതിന്നു പാടവം ഉണ്ടാവണമെങ്കിൽ എന്തു മാത്രമായിരിക്കേണം ആ മനുഷ്യന്റെ മുഖത്തുള്ള ഭസ്ഥാഭം. ഒററപ്പാലം സ്റ്റേഷന്നു സമീപമുള്ള പൂമുള്ളി വക കളത്തിലാണു് എനിക്കും മററു പലർക്കും ഈ രംഗം പ്രത്യേകം അനുഭവപ്പെട്ടുള്ളു്. വിവരം കേട്ടു മനസ്സിലാക്കിയ കാഞ്ഞൂർ നമ്പൂതിരിപ്പാട്ട് പിറേറ ദിവസത്തെ അരങ്ങിന്നു ഈ യോഗ

No: 4382.

ത്തെ മനുഷ്യരിലേക്ക ക്ഷണിച്ചതും അന്നും ഈ കഥയെ അഭിനയിപ്പിച്ച പലവിധ സമ്മാനങ്ങൾ കൊടുത്തതും 1017_ാമത്തു കൊല്ലത്തിലാണ്. പക്ഷെ അപ്പോഴക്ക് അച്ച്യുതമേനോന്നു വാൎദ്ധക്യം ബാധിച്ചു തുടങ്ങിയിരുന്നു.

അദ്ദേഹത്തിൻെറ യൗവനകാലത്തെ വേഷങ്ങൾ ഇന്നും എൻെറ സ്മൃതിപഥത്തിൽ വിളങ്ങുന്നുണ്ടു്. ലക്ഷ്മൻ, രൗദ്രഭീമൻ, ഇവ എത്ര കണ്ടാലും മതിയായിരുന്നില്ല. രൗദ്രഭീമൻ ഗദാധാരിയായി രണ്ടുഭാഗവും വലിയ ദീപപ്രഭയോടുകൂടിയ തിരശ്ശീലക്ക പിന്നിൽ വന്നുനിന്നു, തിര ഒന്നു താഴ്ത്തി, കണ്ണുരുട്ടി, ഗദ ചുഴററി, എവിടെ കൗരവന്മാർ എന്നഭിനയക്കുന്നതു് കാണുമ്പോൾ ഇത്ര നീണ്ട കണ്ണു എവിടന്നുണ്ടായി ഇദ്ദേഹത്തിന്നു് എന്നു അമ്പരക്കാത്ത കാണികൾ അന്നുണ്ടായിരുന്നില്ല.

എന്നാൽ രൗദ്രഭീമന്നു ഇപ്പോൾ കലാമണ്ഡലം കൃഷ്ണൻനായര് കൂട്ടർ തേച്ചുവരുമ്പോലെയുള്ള ഭീമാകൃതി ഉണ്ടായിരുന്നില്ല. ഈ വേഷധാരണ തെക്കരിൽനിന്നു പിന്നീടു വടക്കക്കു പകൎന്നതാവണം. പൂമുള്ളികളിയോഗത്തിൽ തെക്കൻകുഞ്ഞുപ്പിള്ള എന്നൊരു വൻവേഷക്കാരൻ ഉണ്ടായിരുന്നു അദ്ദേഹത്തിൻെറ രൗദ്രഭീമന്നുള്ള തേപ്പിനെ അനുസരിച്ചാണു ഇപ്പോഴത്തെ വേഷം എന്നു ഞാൻ വിചാരിക്കുന്നു. വെറും മീശമാത്രമേ വെച്ചിരുന്നുള്ളു. അച്ച്യുതമേനോൻ. ദുശ്ശാസനനെ കൊന്നു രക്തപാനംചെയ്തു

മ്പോൾ ഇപ്പോൾ കാണുന്ന തേപ്പുകൂടാതെതന്നെ അദ്ദേഹം നരസിംഹരൂപം അഭിനയിച്ചിരുന്നു.

അച്ചുതമേനോൻ പ്രകൃത്യാ ഒരു സരസനാണ്: എവിടെയും അദ്ദേഹത്തെ സ്വാഗതംചെയ്തിരുന്നു.

ഒരു ദിവസം രാത്രി പത്തുമണി സമയം. നല്ല ചന്ദ്രിക. പൂമുഖത്ത് ഞങ്ങളാൽ ചിലർ വെടിപറഞ്ഞുംകൊണ്ടിരിക്കുമ്പോൾ വരുന്നു കഥകളിപ്പെട്ടികൾ. ഇവ ഈ അസമയത്തു എങ്ങട്ടാ എന്നു ഞങ്ങൾ അന്ധാളിക്കവെ പെട്ടികൾ എന്റെ മഠത്തിലെ കോലായിലാണ ഇറക്കിവെച്ചതു. ഇതാരാ എന്നു നോക്കുമ്പോൾ നമ്മുടെ ശേഖരമേനോനും അച്ചുതമേനോനും. മററു വേഷക്കാർ പിന്നാലെയും. ഇതെന്തു കഥാ എന്നു ചോദിക്കാൻ ഇടയില്ല. "ഇന്നിവിടെയാണു കളി. കേളികൊട്ടു ഇതാ തുടങ്ങുകയായി. ഊണൊക്കെ ഒരു വിധം കഴിച്ചിരിക്കുന്നു. ഇത്തിരി ചുക്കുവെള്ളംമാത്രം കിട്ടിയാൽ മതി" എന്നുള്ള സ്നേഹപൂർവ്വമായ ശാസനയായിരുന്നു അച്ചുതമേനോന്റെ. ഗത്യന്തരമൊന്നുമില്ല. അങ്ങോട്ടിക്ക് വേക്കും വിളക്കെണ്ണക്കും ഉടനെ ആളയച്ചു. പന്തൽ ഇട്ടുവെച്ചു സൽക്കാരം കഴിഞ്ഞു വെളക്കുംവെച്ചു

കഥ കൃമ്മീരവധമായിരുന്നു. അച്ചുതമേനോന്റെ ധർമ്മപുത്രർ. ഒരു കരുണാകരമേനോന്റെ ലളിത. ഇന്നും പ്രായാധിക്യമായി ജീവിച്ചിരുപ്പുണ്ടെന്നു അറിയുന്ന മന്നാട്ടിൽ അച്ചുതൻനായരുടെ കരി. പൊടിപൊടിച്ചു നിണം കളി കേമായി എന്നു പറയേ

ണതില്ലല്ലൊ.

ഇത്ര യോഗ്യനായിരുന്ന അച്ചുതമേനോനും പ റ്റി ഒരു ദിവസം ബ്ലീച്ച്. പിറ്റെ ദിവസവും അ വിടെ അടുത്തുതന്നെ ഒരു അരങ്ങുണ്ടായിരുന്നു. കീച കവധം. അച്ചുതമേനോന്റെ കീചകൻ. പാഞ്ചാലി യെക്കണ്ടു "കാമിനുഃ കിം പത്മം" എന്ന പദം അഭി നയിക്കുമ്പോൾ അല്പം ഒന്നു പിഴച്ചു. ഉടനെ അ ങ്ങുണ്ടായിരുന്ന ആനപ്പട്ടർ (വക്കീൽ ശങ്കവി ലെ ആനപ്പട്ടര് വക്കീലല്ലെ) "തെററി അച്ചുതാ" എ ന്നുറക്കെ പറഞ്ഞു. ശരിയായ മുദ്ര കാണിച്ചുകൊടു ത്തു കാര്യം മനസ്സിലാക്കിയ മേനോൻ സഭയിൽ വെച്ചുതന്നെ ക്ഷമായാചനം ചെയ്കയും ആ പദം ആ വൎത്തിച്ചു അഭിനയിക്കയും ചെയ്തു. അക്കാലങ്ങളിൽ കളി കാണ്മാൻ വരുന്നവരിലും മുദ്രകളിൽ നല്ല ജ്ഞാനമുള്ളവർ ഉണ്ടായിരുന്നു എന്നും ഉത്തമക്കളിയെ ന്നു് അപഹസിക്കുന്നവർ അന്നു ദുൎല്ലഭമായിരുന്നു എന്നും ഇതിനാൽ വ്യക്തമാണല്ലൊ.

—o—

## 7. അമ്പാട്ടെ ശങ്കരമേനോനും ശേഖരമേനോനും

പച്ച കെട്ടി കാണികളുടെ കണ്ണും കരളും കവ ൎന്നിരുന്ന അച്ചുതമേനോന്റെ ചരിത്രത്തിൽ ഇവരു ടെ പേരു പ്രസ്താവിച്ചിരുന്നതു വായനക്കാർ ഓൎക്

ന്നുണ്ടാവാം. ശങ്കരമേനോന്റെ വേഷങ്ങൾ പച്ചയും കത്തിയും മാത്രമായിരുന്നു. എവിടെപ്പോയാലും നളചരിതമാവുമ്പോൾ മററു വേഷങ്ങൾ കെട്ടാനുള്ള സന്ദർഭം ഉണ്ടാവുന്നതല്ലല്ലൊ. എന്നാൽ ശേഖരമേനോൻ കരിയും ചുവന്ന താടിയും സ്ത്രീവേഷവും ഒഴിച്ച് എല്ലാ വേഷങ്ങളും അഭിനയിച്ചിരുന്നു. ദുർവ്വാസാവു, നാരദൻ മുതലായ മിനുക്കുവേഷങ്ങളും വെള്ളത്താടിയും ശേഖരമേനോന്നു പ്രത്യേകമായിരുന്നു.

എന്നാൽ ഒരു സംഗതി ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതായിട്ടുണ്ട്. നളചരിതം ൨ ാംദിവസത്തെ കഥയിൽ "ഉണ്ടാകേണ്ടാ ഇതിന്നീഷലുണ്ടാകേണ്ടാ" എന്ന പദം പുഷ്കരൻ അഭിനയിച്ചശേഷം നളനേയും ദമയന്തിയേയും ഗളഹസ്തം ചെയ്ത് അവർ പോയവഴി നോക്കിത്തന്നെ അദ്ദേഹം സാഷ്ടാംഗം നമസ്കാരം ചെയ്യുന്നു. ഈപ്രകാരമാണ് കഴിഞ്ഞകൊല്ലംവരെ ഞാൻ കഥകളിയിൽ കണ്ടുവന്നിരുന്നത് ഇതു പ്രത്യക്ഷത്തിൽ അസംബന്ധംതന്നെയാണ്. ഇതിനെപ്പററി ശിരോമണി ദേശമംഗലത്തു രാമവാരിയരാൽ വ്യാഖ്യാനിക്കപ്പെട്ട നളചരിതം ആട്ടക്കഥാപുസ്തകത്തിൽ ഇപ്രകാരം ഒരു നോട്ടു കാണുന്നു. (മാതൃഭൂമിയിൽ അച്ചടിച്ചതു്)

'ഈ സന്ദർഭത്തിൽ പുഷ്കരൻ നളന്റെ കഴുത്തിൽപിടിച്ചു തള്ളുകയും പിന്നെ നളൻപോയ ദിക്കുനോക്കി നമസ്കരിക്കുകയും ചെയ്യുന്നതായിട്ടാ

ണ് ഇന്നലെ നയിച്ചുവരുന്നതു്. ഇതു അസംബന്ധമാണ്. രാജ്യദ്രോഹിയാണെങ്കിലും ദേഹംതൊട്ടുപമാനിക്കത്തക്ക നീചത്വവും ധൈര്യമോ പുഷ്കരനില്ല. തന്റെ പ്രവൃത്തി തെററാണെന്നു തോന്നിയാലല്ലാതെ നമസ്കാരത്തിന്നു പ്രസക്തി ഇല്ലല്ലൊ. അവന്നു് ആ തോന്നൽ ഇപ്പോഴ് ഒട്ടില്ലതാനും."

എന്നാൽ ഇതിന്നു പ്രത്യേകിച്ചു വല്ല സംഗതിയും ഉണ്ടായിട്ടുണ്ടോ എന്നാണു് ഇവിടെ ആലോചിക്കേണ്ടതു്. എനിക്കറിവുള്ള സംഗതി ഞാൻ രേഖപ്പെടുത്താം.

പാലക്കാട്ടു കത്തറ്റൂർ നടുവത്തുവീട്ടിൽ കളി നടക്കുന്നു. "നളൻ ശങ്കരൻ" എന്നു പേരുകേട്ട അമ്പാട്ട ശങ്കരമേനോൻ നളനും അദ്ദേഹത്തിന്റെ മരുമകൻ ശേഖരമേനോൻ പുഷ്കരനും. കഥ രണ്ടാം ദിവസത്തെ നളചരിതംതന്നെ. അനന്തരവൻ കാരണവരെ കളിയിലാണെങ്കിലും കഴുത്തുപിടിച്ചു തള്ളുന്നതുകണ്ടു നടുവത്തെ കാരണവർക്കു സഹിച്ചില്ല "ശേഖരാ! വീഴ് അമ്മാമന്റെ കാലില്" എന്നു കാരണവർ ഗർജ്ജിച്ചു. അദ്ദേഹത്തിന്റെ ആജ്ഞ അന്നു സുഗ്രീവാജ്ഞയായിരുന്നു. ഉടനെ പുഷ്കരൻ നളന്റെ പാദങ്ങളിൽ നമിച്ചു. ആ അരങ്ങ് അങ്ങിനെ കഴിഞ്ഞു. ശങ്കരമേനോന്റെ കാലത്തു ആ രംഗം അങ്ങിനെ തുടൎന്നുവന്നു.

അതിന്നുശേഷം ശേഖരമേനോൻ നളനായും അച്ചുതമേനോൻ പുഷ്കരനായും വരുമ്പോഴും ഇവ

അഭിനയവും തുടർന്നുവന്നു. പിന്നെ പരമ്പരയാ അച്ഛതരാമനാൻ നളനായി. അദ്ദേഹത്തിൻെറ ശിഷ്യൻ തലപ്പിലെ നാരായണമേനോൻ പുഷ്കരനായി വന്നപ്പോഴും ഇതാവർത്തിച്ചുവന്നു. അതു പിന്നീട്ട് എല്ലാ യോഗക്കാരും ഗതാനുഗതികന്യായേന ഈ മാതിരി ആചരിച്ചുവന്നിരുന്നു.

നടുവത്ത് കാരണവർ അപ്രകാരം പറഞ്ഞതു് ആ അഭിനയത്തിൽ മതി മറന്നു മനസ്സുരുകിപ്പോയതിനാലാകണമെന്നു പറയേണ്ടതില്ലല്ലോ. അഭിനയചാതുര്യം എത്രമാത്രമായിരുന്നിരിക്കണം

"സൂചകത്തുവതിന്നുമിന്നവ-
കാശമധാരണീരലെ
വാശിയൊടുവസച്ചിട്ടന്നൊരു
പാണ്ഡവക്കു കൊടുത്തിടാം"

എന്ന പദം തന്മയത്വത്തോടുകൂടി അഭിനയിച്ചു കണ്ടപ്പോൾ "ആഹാ! ഞാൻ കൊടുക്കും അഞ്ചുകണ്ടി പറമ്പു" എന്നൊരു വടക്കൻ ജന്മി പറഞ്ഞതു ശരിയാണെങ്കിൽ ഇതിലൊട്ടു ആശ്ചര്യമില്ലതാനും.

പക്ഷേ, ഗുരുശിഷ്യബന്ധമൊന്നുമില്ലാത്ത നല്ല പുഷ്കരന്മാർ ഈ രംഗം അഭിനയിക്കുമ്പോൾ ദേശമംഗലത്തു വാരിയർ പറഞ്ഞ അഭിപ്രായംതന്നെ ശരി, സംശയമില്ല. കഥകളിയിൽ പാരമ്പര്യത്തിനുള്ള സ്ഥാനം എത്രകണ്ടുണ്ടെന്നു് ഈ ഐതിഹ്യം നമ്മെ സ്പഷ്ടമാക്കുന്നു.

എന്നാൽ കഴിഞ്ഞകൊല്ലം മാത്രമാണു് ഈ അ

ഭിനയത്തിന്നു് ഒരു പരിവൎത്തനം ഞാൻ കണ്ടതു്. ആയതു മദിരാശി മ്യൂസിയം തിയേററിൽ വെച്ചായിരുന്നു. കലാമണ്ഡലം കൃഷ്ണൻനായർ നളനും വാഴേങ്കട കുഞ്ചു പുഷ്കരനുമായിരുന്ന അന്നേദിവസം. നളനെ പുറത്താക്കിയശേഷം [illegible]ൻെറ ആസ്ഥാനമണ്ഡപത്തിൽ പുഷ്കരൻ ചെന്നു ഞെളിഞ്ഞിരുന്നതും അതിൽപ്പിന്നെ "പുരത്തിൽമേവും മഹാജനങ്ങൾക്കും പുകൾപെരുത്തെഴും നാഗരികജനങ്ങൾക്കും നാട്ടിൻപുറത്തു വസിക്കുമോരോ ജനങ്ങൾക്കും" പുതിയ ഓർഡിനൻസ് പാസ്സാക്കിയതും വളരെ രസമായി എന്നു പറയേണ്ടിയിരിക്കുന്നു.

## 8. കാവുങ്കൽ പണിക്കന്മാർ

കഥകളിക്കു കേളികേട്ട കാവുങ്കൽ പണിക്കന്മാരെ കണ്ടും കേട്ടും അറിയാത്തവർ കേരളത്തിൽ ചുരുങ്ങും. പാരമ്പര്യമായി കഥകളിയെ ഉപജീവനമാൎഗ്ഗമായി വെച്ചുവരികയായിരുന്നു ഇവർ. ഈ വംശജന്മാരിൽ വലിയ ചാത്തുണ്ണിപ്പണിക്കർ മുതൽക്കേ ഈ എഴുതുന്നാൾക്കു പരിചയമുള്ളു. സുമാർ 70 വയസ്സായിരുന്ന വലിയ ചാത്തുണ്ണിയുടെ സലജ്ജോഹവും സ്വൎഗ്ഗവൎണ്ണനയും അന്നു കേവലം ബാലനായിരുന്ന ഞാൻ ഇന്നും നല്ലവണ്ണം ഓൎമ്മിക്കുന്നുണ്ടു്.

അതിൽപ്പിന്നെയാണു് ശങ്കരപ്പണിക്കരുടേയും

നാരായണപ്പണിക്കരുടേയും രംഗപ്രവേശം. നാരായണപ്പണിക്കരുടെ കത്തി കേമമായിരുന്നു. പക്ഷെ ചെറുപ്പത്തിൽ കാലഗതി അടഞ്ഞുപോയി. അതിൽ പിന്നെ സഹായത്തിനു സ്വീകരിച്ചിരുന്നതു് അമ്പാട്ടു യോഗത്തിൽ ഉണ്ടായിരുന്ന തലച്ചുലെ നാരായണമേനോനെ ആയിരുന്നു

ശങ്കരപ്പണിക്കർക്കു് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അദ്ദേഹത്തിനു കെട്ടി ആടുവാൻ വയ്യാത്ത വേഷങ്ങൾ ഒന്നുമില്ല. കത്തി, പച്ച, കരി, കാട്ടാളൻ, മിനുക്കുവേഷങ്ങൾ, വെള്ളത്താടി, ചുവന്നതാടി, പോരെങ്കിൽ സ്ത്രീവേഷം ഇവയെല്ലാം ഞാൻ കണ്ടിട്ടുണ്ടു്. ഒന്നിനും ഭള്ളില്ല. ഒക്കെ ഒന്നാന്തരമാവുകയും ചെയ്യും. പണിക്കരുടെ കീചകൻ പ്രത്യേകം സ്മരണീയമാണു്. ഒരു അന്തർജ്ജനം അദ്ദേഹത്തെ ആകർഷിച്ചതു് ആ ആകാരത്തിലായിരുന്നു എന്നാണു് സ്മാർത്തവിചാരണയിലെ വായ്മൊഴി. ശരിയോ, പൊള്ളോ, ആരാണു് അന്വേഷിക്കാൻ. എന്തായാലും അതുനിമിത്തം അറുപത്തിനാലിൽ ഒരാളായി നമ്മുടെ പണിക്കരും.

"നമ്പൂരി,വാരിയർപിഷാരടി,നമ്പി,മാരാർ
നമ്പ്യാർവിലശുദ്ധതയെഴുന്നൊരുപട്ടരേവം"

എന്ന കൂട്ടത്തിൽപെട്ട നമ്മുടെ പണിക്കരച്ഛനും.

പണിക്കരുടെ ഭാര്യവീടു പാലക്കാട്ടു ടൌണിലായിരുന്നു. എന്റെ മഠത്തിൽനിന്നു് അരമൈൽ ദൂരമേ ഉണ്ടായിരുന്നുള്ളൂ. പണിക്കരുടെ സ്ഥിരതാ

മസം അധികവും ഓയ്യവീട്ടിലായിരുന്നു. ഒരുമാതിരി നല്ല വേഷക്കാരും കൊട്ടുകാരും പാലക്കാട്ടു കത്തന്നൂർ വില്ലേജിൽ ഉണ്ടായിരുന്നതിനാൽ കളിയോഗം വിളിച്ചുകൂട്ടുവാൻ പണിക്കക്ക് വിഷമമുണ്ടായിരുന്നില്ല.

ഒരിക്കൽ ഞങ്ങളിൽ ചിലരുടെ ഉത്സാഹത്താൽ ഒരുദിവസത്തെ അരങ്ങിന്നു നിശ്ചയിച്ചിരുന്നതു കൃമ്മീരവധമായിരുന്നു. ധമ്മപുത്രർ പണിക്കർതന്നെ. കൃഷ്ണഭഗവാനെ കാണുമ്പോളുള്ള ക്ഷേതിരസം തുളുമ്പുന്ന ആ അഭിനയം ഇന്നും വിചാരിക്കുമ്പോൾ രോമാഞ്ചം ഉണ്ടാകുന്നു. അതുപോലത്തെ ധമ്മപുത്രരുടെ അഭിനയം വളരെ ചുരുക്കം മാത്രമേ പിന്നീട്ട് എനിക്കു കാണുവാൻ സംഗതിവന്നിട്ടുള്ളു.

അക്കാലത്തു് ആരോ ഒരാൾ പറഞ്ഞറിഞ്ഞിരുന്നു പണിക്കർ ലളിതയും കെട്ടി ആടാറുണ്ടെന്നു്. ധമ്മപുത്രർ കഴിഞ്ഞതും പണിക്കരുടെ സേവയുംകൂട്ടി മെല്ലെ ചെന്നു മന്ത്രിച്ചു ലളിത കെട്ടിക്കാണണമെന്നു്. ഇനിയൊരുദിവസം ആവാമെന്നു പറഞ്ഞു ഞങ്ങൾക്കുത്സാഹംകൂടി. പണിക്കരോട്ട് അന്നുതന്നെ വേണമെന്നായി ഞങ്ങളും. തീരെ ക്ഷീണിച്ചിട്ടുണ്ടെന്നും സമയം പോരെന്നും ഒഴികഴിവു പറഞ്ഞും. ക്ഷീണപരിഹാരത്തിന്നു് ഏപ്പാടുചെയ്തു. പച്ചവേഷം അഴിച്ചുമാററി ലളിതവേഷംകെട്ടി ചമയിപ്പിച്ചു. തൽക്കാലം അരങ്ങു മുഷിയാതിരിപ്പാൻ സുഭദ്രാഹരണത്തിലെ ഒരു കമലദളം ആടാനും ഏ

പ്പോട്ട ചെയ്തു. എന്തിന്നു പറയുന്നു. ലളിതവേഷധാരിയായപ്പോൾ പണിക്കർ മധുരപ്പതിനേഴുകാരിയായി മാറിപ്പോയി.

ഇത്ഥംവിനിശ്ചിതവതീ ഖലു രാക്ഷസീസാ
പാർത്ഥപ്രയാണസമയംപ്രതിപാലയന്തീ
ഭൂത്വാഥ കോമളതനുസ്സമവാപ്യകൃഷ്ണാം
സേയംപ്രിയൈർവ്വിരഹിതാമവലജ്ജിഷ്യക്ഷുഃ

എന്നുള്ള ശ്ലോകംചൊല്ലി തിരശ്ശീല നീങ്ങിയതോടെ സഭാവാസികൾ "നിലവിട്ടു പകച്ചുനിന്നുപോയി". പലരുടേയും ഓണപ്പുടവയും പ്രത്യേകം സംഭാവനയും പ്രത്യക്ഷത്തിൽ വാങ്ങി. അന്നു പണിക്കൎക്കു വയസ്സു 45-ൽ കുറവില്ല എന്നുള്ള സംഗതിയും നാം പ്രത്യേകം ഓൎമ്മിക്കേണ്ടതാണു്.

എന്നാൽ അന്നു സ്ത്രീവേഷം കെട്ടിക്കാൻ ഒരു ചില്ലറക്കരാവു ഞങ്ങൾക്കു ചെയ്യേണ്ടിവന്നു. ആയതു മറെറാന്നുമല്ല. രണ്ടുരങ്ങുകൂടി ഞങ്ങടെയായി ഏൎപ്പെടുത്തിക്കൊടുപ്പാൻ അതിന്നും വിഷമമുള്ള കാലമായിരുന്നില്ല അന്നു്. പിറേറദിവസം കഥയിൽ പണിക്കൎക്കു് ആദ്യമായി പൂതനാമോക്ഷത്തിൽ ലളിത. ഒടുവിൽ രൌദ്രഭീമസേനൻ. അതിന്റെ പിറേറന്നു കാലകേയവധത്തിൽ ഉൎവ്വശി. ഒടുവിൽ രാജസൂയത്തിലെ ശിശുപാലൻ.

കലാമണ്ഡലം കൃഷ്ണൻനായരു് ഇന്നു പുരുഷവേഷത്തിന്നു പുറമെ സ്ത്രീവേഷവും കെട്ടി ആടാറുണ്ടെങ്കിലും അല്പം സ്ഥൂലിച്ച ശരീരത്തോടുകൂടിയാ

ണല്ലോ കാണുന്നതു്. ആ കോട്ടം പണിക്കക്ക് ഉണ്ടായിരുന്നില്ല.

മുമ്പുപറഞ്ഞ അറുപത്തിനാലിൽ പെട്ടതുനിമിത്തം ആഢ്യൻനമ്പൂരാരുടേയും അവരുടെ ആശ്രിതന്മാരുടെയും ക്ഷേത്രസംബന്ധമായ ഉത്സവങ്ങളിലും മററും കളിക്കു പണിക്കരുടെ കളിയോഗം വിളിക്കപ്പെടാതെയായി. എന്നാലും പണിക്കക്കു അരങ്ങു മുട്ടിയിരുന്നില്ല. വാൎദ്ധക്യദശയിൽ തലക്കൊരു വിറയൽ സംഭവിച്ചതുനിമിത്തം അധികകാലം പിന്നീടു അരങ്ങത്തുവരുവാൻ നിവൃത്തിയില്ലാതായി.

ഇദ്ദേഹത്തിൻെറ അനന്തരവന്മാരാണു കുട്ടിശ്ശങ്കരപ്പണിക്കരും ചെറിയ ചാത്തുണ്ണിയും. തിരുനാവായ വാദ്ധ്യാൻനമ്പൂതിരിയുടെ കളിയോഗത്തിൽ ഇവർ കുറെക്കാലം ഉണ്ടായിരുന്നു. കുട്ടിശ്ശങ്കരൻെറ ശ്രീകൃഷ്ണൻ കേമമാവും. മറെറാന്നും വലിയ മെച്ചമായി എനിക്കു തോന്നീട്ടില്ല. ഇപ്പോഴത്തെ കഥ, ഞാൻ ഒട്ടു അറികയുമില്ല.

ചെറിയ ചാത്തുണ്ണിയായി ഞാൻ പരിചയമായതു് 1034-ാമതു് കൊല്ലത്താണു്. അന്നു കേവലം പത്തുവയസ്സിൽ അധികം അവന്നു കാണുകയില്ല. കുചേലവൃത്തത്തിലും ദേവദൂതിലും ശ്രീകൃഷ്ണനായും ലവണാസുരവധത്തിൽ ലവനോ കശനോ ആയും ഉത്ഭവത്തിൽ കുട്ടിരാവണനായും അക്കാലങ്ങളിൽ കെങ്കേമമായി അഭിനയിച്ചുകണ്ടിട്ടുണ്ടു്. പ്രായപൂത്തിയായശേഷം കഴിഞ്ഞകൊല്ലം മദ്രാസ്സിൽവെച്ചു

ലവണാസുരവധത്തിലെ ഹനുമാനായും അഭിനയി ച്ചു കണ്ടു. രൗദ്രരസത്തിന്നാണ് അധികം പ്രതിപ ത്തി എന്നു രാമനാട്ടുകരെ നിന്നു എൻെറ ഒരു മാ ന്യസ്നേഹിതനായ ശ്രീ, കെ. പി. എസ്. മേനോൻ സംഗതിവശാൽ ഒരു കത്തിൽ സൂചിപ്പിച്ചിരിക്കു ന്നു. നല്ല ധാരണാശക്തി ഉള്ളതിനാൽ അടുത്ത കാലത്തു ഒന്നാന്തരം വേഷക്കാരനായി കാരണവന്മാ രുടെ അനുഗ്രഹത്താൽ അവരുടെ പേരെടുക്കുമെന്നു നമുക്കു അനുമാനിക്കാം. ജഗദംബിക ആ യുവനട ന്നു പൂർണ്ണായുസ്സുകൊടുക്കട്ടെ.

---

# 9. കവളപ്പാറ ശേഖരമേനോനും മകൻ നാരായണൻനായരും

കവളപ്പാറ മൂപ്പിൽനായരുടെ അന്തേവാസിക ളായിരുന്നു ഈ കലാവിദഗ്ദ്ധന്മാർ. അച്ഛനും മക നും ഒരുപോലെ പേരും പെരുമയും എടുത്ത കലാ വിദഗ്ദ്ധന്മാർ ആയിരുന്നു.

ശേഖരമേനോൻ എന്തെല്ലാം വേഷങ്ങൾ കെട്ടി അഭിനയിച്ചിരുന്നു എന്നു ഞാൻ അറികയില്ല. ഒരു വെള്ളത്താടി കണ്ടതായി ഒരു നേരിയ ഓൎമ്മ ഉണ്ടു്. എന്നാൽ ഒരു ദിവസത്തെ രംഗം എന്നെ വളരെ ആഹ്ലാദിപ്പിച്ചിട്ടുണ്ടു്. അതാണു് ഇവിടെ പറവാൻ പോകുന്നതു്.

അംബരീഷചരിതത്തിൽ ദുർവ്വാസാവായിരുന്നു ആ രംഗം. കല്ലായക്കുളങ്ങര ക്ഷേത്രമുററത്തുവെച്ചായിരുന്നു അതു്. ക്ഷേത്രത്തിലെ ഉത്സവകാലം. സുദർശനം കട്ടിരാമപ്പണിക്കർ ആയിരുന്നു എന്നാണു് എൻെറ ഓർമ്മ

ദുർവ്വാസാവിൻെറ പ്രഥമമായ വരവിലുള്ള ഭക്തിരസവും "അത്രിമഹാമുനിപുത്രനഹം തവ ചിത്തെ കരുതുക കടിലതരമതെ!" എന്നു തുടങ്ങിയുള്ള പദങ്ങളിലെ രൌദ്രരസവും സുദർശനത്തെ കാണുമ്പോഴുള്ള ഭാവപ്പകർച്ചയും ഒടുവിൽ നിവൃത്തി ഇല്ലെന്നുവരുമ്പോൾ പിൻതിരിഞ്ഞു നോക്കിക്കൊണ്ടു പേടിച്ചുപേടിച്ചു പായുന്ന ഓട്ടവും ഒരു കാലത്തും എനിക്കു മറക്കാവുന്നതല്ല.

ക്ഷേത്രമിററത്തുതന്നെ ഒരു കിണറുണ്ടു്. അരങ്ങിന്നു സമീപം. ഇവർ രണ്ടാളുംകൂടി ഓടുന്ന മദ്ധ്യെ ദുർവ്വാസാവു പെട്ടന്നു് ആ കിണററിൽ ചെന്നിറങ്ങി. സുദർശനം കിണററിൻെറ വക്കത്തു്. വാ, അകത്തേക്കുവാ, എന്നുള്ള ദുർവ്വാസാവിൻെറ വീരവാദം കിണററിൻെറ ഉള്ളിൽനിന്നു. ചുവന്ന താടിപോലത്തെ വലിയ കിരീടം വെച്ചിട്ടുള്ള സുദർശനം എങ്ങിനെ ഇറങ്ങും കിണററിൻെറ ഉള്ളിലേക്കു്. എന്നിട്ടു് അരങ്ങോരുടെ പരിഹാസച്ചിരി കിണററിൻെറ ഉള്ളിൽനിന്നു നിന്നെ ചെണ്ടകൊട്ടിച്ചില്ലെ എന്നു്. ഞങ്ങൾ കിണററിൻെറ വക്കത്തുനിന്നു രസിച്ചുകൊണ്ടും.

രാവിലെ കളിച്ചുതൊഴുവാൻ വന്നിരുന്ന ഒരു ബ്രാഹ്മണൻ (വടക്കെമലയാളം കൊയിലാണ്ടിയിൽ നിന്നു യദൃച്ഛയായി വന്നിരുന്ന ഒരു വക്കീൽ) ഈ അഭിനയം കണ്ടു അഭിനന്ദിച്ചു താൻ കുളിച്ചു ഈറൻ മാറുവാനായി കയ്യിലെടുത്തിരുന്ന പട്ടും മൂന്നുറുപ്പികയും ഉദ്യാസാവിന്നു സമ്മാനിച്ചു.

മകൻ നാരാണൻനായരുടെ വേഷം ഞാൻ പലതും കണ്ടിട്ടുണ്ടു്. ഞാൻ ഒററപ്പാലത്തു് ജോലിയായിരുന്ന കാലം. ഒരു മാന്യപുരുഷൻ മുഖാന്തരം അന്നത്തെ ലഫ്ടണൻറ് കവളപ്പാറമൂപ്പിൽനായരായി എനിക്കു പരിചയമാവാൻ സംഗതിയായി. പിന്നീടു കൊട്ടാരത്തിൽ കളി ഉണ്ടാവുമ്പോഴൊക്കെയും എനിക്കദ്ദേഹം അറിവുതരികയും ഞാൻ രാത്രി ഊണിന്നു തക്കവണ്ണം എത്തിച്ചേരുകയും പതിവായിത്തീന്നു. ഞങ്ങൾ ഏകദേശം സമപ്രായക്കാരായിരുന്നു. അക്കാലത്തു് ബ്രാഹ്മണക്ക ഊട്ടുപുരയിൽ ശാപ്പാടിന്നു ഏപ്പാടു ഉണ്ടായിരുന്നു എന്നു വരികിലും കൊട്ടാരത്തിൽ അവിടത്തെ ഒന്നിച്ചു ഊൺകഴിച്ചുകൊള്ളണമെന്നായിരുന്നു അവിടത്തെ കല്പന. അതു ഞാൻ അനുവത്തിച്ചും വന്നിരുന്നു.

നാരായണൻനായരുടെ പച്ച, കത്തി, വെള്ളത്താടി ഇവ ധാരാളം ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ വെള്ളത്താടിക്കാണു പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. രാജസൂയത്തിലെ ശിശുപാലനും ഒന്നാന്തരമാ

വും. ഹാസ്യരസം നന്നാവും. രൗദ്രമിമൻ തരക്കേടില്ല. പച്ച മൂന്നാംക്ലാസ്സാണ്. ഉള്ളതു മറച്ചുവെക്കുവാൻ ഞാൻ വിചാരിക്കുന്നില്ല.

കല്ലായി സ്റ്റേഷൻെറ അടുത്ത് ഓല മേഞ്ഞ നെടുമ്പുരയിൽ വെച്ച് മഹാകവി വള്ളത്തോളിൻെറ ഉത്സാഹത്തിൽ 1924_ൽ ആണെന്നു തോന്നുന്നു, കുറെ അരങ്ങുകൾ ഉണ്ടായി. പ്രധാനപ്പെട്ട വേഷക്കാരും പാട്ടുകാരും അതിൽ പങ്കുകൊണ്ടിരുന്നു. പ്രധാന ഭാഗവതർമാർ വെങ്കിടകൃഷ്ണഭാഗവതരും പനമണ്ണ ശങ്കരഭാഗവതരുമായിരുന്നു. കഥ ൧_ം 3_ം ദിവസത്തെ നളചരിതം. 2_ാംദിവസത്തെ നളൻ നാരായണൻനായര്. ബാഹുകൻ 3_ാംദിവസത്തേതിന്നു കുഞ്ചുക്കുറുപ്പ്. ബാഹുകൻ ഒന്നാന്തരമായി. അതിലധികം പറവാൻ ഞാൻ വാക്കുകളൊന്നും കാണുന്നില്ല

നാരായണൻനായരുടെ നളൻ അദ്ദേഹത്തിൻെറ പക്ഷവാദികൾക്കു നന്നെന്നു തോന്നയിരിക്കാം. എനിക്കു മറിച്ചാണു തോന്നിയതു്. ദമയന്തിയായുള്ള വേർപാട് എങ്ങനെ എന്നു അടുത്തുണ്ടായിരുന്ന ഒരു മാന്യൻ എന്നോട് ആ രംഗം കഴിഞ്ഞതും ചോദിച്ചു. ഇതു നളൻെറ വേർപാടായില്ല. നാരായണൻനായരുടെ വേർപാടായി എന്നു ഞാൻ പറഞ്ഞു ആ സ്നേഹിതനോട്. ഇതു കേട്ടതും മുൻസീററിൽ ഉണ്ടായിരുന്ന ഒരു മാന്യൻ ഒന്നു പിൻതിരിഞ്ഞു നോക്കി. അപ്പോഴാണ് എനിക്കു തോന്നിയതു ഇതു

ഉച്ചത്തിൽ മറുപടി പറയേണ്ടിയിരുന്നില്ല എന്നു്. അതു കവളപ്പാറ എജമാൻ ആയിരുന്നു. ഞാൻ ലജ്ജാഭരിതനായി വന്ദിച്ചു. ഉടനെ അവിടത്തെ അടുത്ത സീററു ഒഴിച്ചുവാങ്ങിത്തന്നു അടുത്തിരുന്നാളാൻ കല്പിച്ചു. "സുബ്രഹ്മണ്യൻ എന്തേ പറഞ്ഞു്" എന്നായി പിന്നീടു് അവിടന്നു്. "യജമാൻ ഉള്ള വിവരം ഞാൻ അറിഞ്ഞിരുന്നില്ല" എന്നായി എൻെറ മറുപടി. "അതുകൊണ്ടു വിരോധമില്ല. അഭിപ്രായം മറച്ചുവെക്കാതെ തുറന്നു പറയണം. അതാണെനിക്കും സന്തോഷം" എന്നവിടന്നു് കല്പിച്ചു. "പറയൂ, ഇതിലധികം നന്നായുള്ള വേഷം കണ്ടിട്ടുണ്ടോ" എന്നായി അവിടന്നു്. "ഇവിടേക്കു് അപ്രിയമുണ്ടാവില്ലെങ്കിൽ ഞാൻ പറയാം" എന്നു പറഞ്ഞു മുൻ ഒരു ലേഖനത്തിൽ വിവരിച്ചതും പൂമുള്ളി മനവക ഒററപ്പാലത്തു കളത്തിൽ വെച്ചുണ്ടായതുമായ അച്ചുതമേനോൻെറ രംഗത്തെപ്പററി ഞാൻ പറഞ്ഞു.

അച്ചുതമേനോനെപ്പോലെ ഒരു വേഷക്കാരനെ അവിടന്നും കണ്ടിട്ടില്ലെന്നും അന്നത്തെ കളിക്കു അവിടന്നും നമ്പൂതിരിപ്പാടന്മാരൊന്നിച്ചു് അരങ്ങത്തു് ഉണ്ടായിരുന്നു എന്നും പറഞ്ഞു എൻെറ അഭിപ്രായം ശരിവെക്കുകയും ഞങ്ങൾ പിന്നീടു കളി മുഴുവൻ ഒന്നിച്ചിരുന്നു കാണുകയും രാവിലെ പന്നിയങ്കരയില്ലുള്ള വസതിയിലേക്കു എന്നേയും ക്ഷണിക്കുകയും അവിടത്തെ ആജ്ഞ അനുസരിച്ചു് ഒരു നേരം ഒന്നിച്ചു കൂടുകയും ചെയ്തു.

അവിടന്നു് അല്പായുസ്സായി പോയില്ലായിരുന്നു എങ്കിൽ വള്ളത്തോൾ മഹാകവിയുടേയും പരേതനായ പി. എസ്. വാരിയരുടേയും പരിശ്രമങ്ങൾ പോലെ കഥകളിക്കു് ഒരു പ്രചാരം ഇതിലും കൂടുതലായി സിദ്ധിച്ചിരിക്കുമായിരുന്നു.

## 10. ചന്തുപ്പണിക്കർ

പച്ചവേഷംകെട്ടി കാണികളുടെ കണ്ണുംകരളും കവന്ന കഥകളിനടന്മാരിൽ ഒരുവനാണു് ചന്തുപ്പണിക്കർ. ഇദ്ദേഹത്തിന്നു് ഇപ്പോൾ സുമാറു് 77 വയസ്സു കാണും. വീട്ടുപേർ "തോട്ടൊൽക്കാരക്കാട" എന്നാണു്. കാസർകോട്ടു താലൂക്കു് താഴക്കാട്ടു മാഗണ തൃക്കരിപ്പൂരു് ഗ്രാമക്കാരനാണു്.

ഗുരുനാഥൻ പാലക്കാട്ടു താലൂക്കു് തോലനൂർ വലിയതൊടിയിൽ ഈച്ചരമേനോൻ ആയിരുന്നു. ഇദ്ദേഹത്തെ സംബന്ധിച്ചു മുൻ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. സന്താനഗോപാലത്തിലെ കേളികേട്ട ബ്രാഹ്മണവേഷധാരി. പണിക്കർ 1069-ൽ അഭ്യാസം തുടങ്ങി താഴക്കാട്ടു മനയിൽവെച്ചു്. അവിടന്നുതന്നെയാണു് ആദ്യവസാനക്കാരനായതും. താഴക്കാട്ടു മനയിന്നു് ഈച്ചരമേനോനെ വരുത്തി പണിക്കരെ പരിശീലിപ്പിക്കയാണു് ഉണ്ടായതു്. ആ യോഗത്തിൽ ഇരിക്കുമ്പോൾ 1075-ൽ സാമൂതിരികോ

വിലകത്തും അമ്പാടികോവിലകത്തുവെച്ചും അരങ്ങു കൾ ഉണ്ടായി. "പണിക്കർ"സ്ഥാനം കല്പിച്ചുകൊടു ത്തതു് അമ്പാടി കോവിലകം വലിയ തമ്പുരാട്ടിയാ ണ്. ഉത്തരാസ്വയംവരത്തിൽ ബൃഹന്നളയായും കിരാതത്തിൽ അർജ്ജുനനായും അമ്പാടി കോവിലക ത്തുവെച്ചു് അരങ്ങുണ്ടായപ്പോഴാണ് ഈ സ്ഥാനം കിട്ടിയതു്.

പിന്നെ 1080_ൽ "കോടൊത്തു്" അഭ്യാസം തുടങ്ങി. അവിടെ കുട്ടികളെ അഭ്യസിപ്പിച്ചുപോന്നു പതിമൂന്നു സംവത്സരം അവിടെ ആശാനായുമി രുന്നു

തളിപ്പറമ്പിൽ മല്ലിശ്ശേരി ഇല്ലത്തെ അദ്ധ്യക്ഷ തയിൽ മൂന്നുകൊല്ലം ആശാനായിരുന്നു തളിപ്പറ മ്പിലെ ശിവക്ഷേത്രത്തിലുള്ള "കൊട്ടമ്പുറത്തു്" എ ന്ന സ്ഥലത്തുവെച്ചു നമ്മുടെ കഥാനായകന്നു നമ്പൂ തിരിമാർ വീരശൃംഖലയും കേശഭാരം കിരീടവും സമ്മാനിച്ചു അതുകഴിഞ്ഞു "വാരണക്കോട്ടു" യോ ഗത്തിൽ നാലു കൊല്ലം ഉണ്ടായിരുന്നു. അവിടന്നും കിട്ടി വീരശൃംഖലയും മററു സമ്മാനങ്ങളും

പിന്നീടു കൊച്ചിശ്ശീമ, "വടക്കാഞ്ചേരി "വലിയ മന" എന്ന കളിയോഗത്തിൽ ആദ്യാവസാനവേഷ ക്കാരനായി നടന്നുവന്നു. ആ യോഗവുംകൊണ്ടു തൃ ശ്ശൂര് ചെന്നപ്പോൾ കൊച്ചി എളയതമ്പുരാനായിരു ന്ന ഏട്ടൻതമ്പുരാൻ ഒരു മെഡലും ശ്രീമാൻ ടി. സി. അച്ചുതമേനോൻ ഒരു മെഡലും കൊച്ചി കോ

വിലകത്തിലെ വിഷവൈദ്യനായിരുന്ന ഒരു തമ്പുരാൻ മററാരു മെഡലും സമ്മാനിക്കുകയുണ്ടായി.

സ്വന്തമായി ഒരു കളിയോഗം വാരണക്കാട്ടിൽ ചേരുന്നതിന്നു മുമ്പായും കോടൊത്തുനിന്നു വിട്ടതിന്നു പിന്നീടുമായി കൊണ്ടുനടന്നു. അക്കാലത്തു രാമനാട്ടുകര മുതലായ പ്രദേശങ്ങളിലും വളരെ അരങ്ങുകൾ ഉണ്ടായി.

അതിൽപ്പിന്നെ വെങ്ങയിൽ ചാത്തുക്കുട്ടിനായരുടെ കളിയോഗത്തിൽ അഞ്ചുകൊല്ലം യോഗം കൊണ്ടുനടന്നു.

കുറച്ചുകാലം കടത്തനാട്ടു കളിയോഗത്തിലും രണ്ടുകൊല്ലം പാച്ചിനിക്കടെവു മുത്തപ്പൻെറ യോഗത്തിലും ഉണ്ടായിരുന്നു. വെങ്ങയിൽ വിട്ടശേഷം ബങ്ക്ളൂരിൽ രാമഗോപാലൻെറ കലാക്ഷേത്രത്തിൽ രണ്ടുകൊല്ലം കുട്ടികളെ അഭ്യസിപ്പിച്ചുപോന്നു. ഇപ്പോൾ അഡയാർ കലാക്ഷേത്രത്തിലെ കഥകളി ആശാനാണു് പണിക്കരെച്ഛൻ.

താഴക്കാട്ടു മനയിൽ അന്നത്തെ ആധ്യവസാനക്കാരനായിരുന്ന ഈശ്വരമേനോൻെറ മകൻ കരുണാകരമേനോൻ നമ്മുടെ പണിക്കരുടെ സബ്രഹ്മചാരിയായിരുന്നു. മരിച്ച അമ്പുപ്പണിക്കർ, ചുവന്നതാടിക്കു കേളികേട്ട ചിണ്ടപ്പണിക്കർ ഇവരും നമ്മുടെ പണിക്കരുടെ സബ്രഹ്മചാരികളാണു്.

അന്നത്തെ രണ്ടാംകിട വേഷക്കാർ പല്ലിയിൽ ചന്തു, കാവിൽ രാമൻ, കൊളങ്ങിൽ അമ്പു, പൊ

ങ്ങിയാടൻ രാമൻ ഇവരായിരുന്നു. വണ്ടൂർ കൃഷ്ണൻ, പൂവ്വള്ളി ശങ്കുണ്ണി, കുത്തനൂര് കരുണാകരൻ ഇവരായിരുന്നു സ്ത്രീവേഷക്കാർ. നമ്മുടെ പണിക്കർ സ്ത്രീവേഷവും ചുവന്ന താടിയും ഒഴിച്ചു ബാക്കി എല്ലാവേഷങ്ങളും കെട്ടി ആടാറുണ്ടായിരുന്നു. പക്ഷവെള്ളത്താടിയായിരുന്നു മെച്ചം എന്നു കേട്ടിട്ടുണ്ടു്.

ആ യോഗത്തിൽ രണ്ടു കൊല്ലത്തോളം തോലനൂര് മനയങ്കത്തെ രാമൻനായര് മദ്ദളവും ചെണ്ടകുത്ത രാമൻനായര് എന്നൊരു മാന്യനും ആയിരുന്നു. ചുവന്നതാടിക്കു കേളികേട്ട കൊളങ്ങര കുത്തുകൃഷ്ണൻനായരും കുട്ടിരാമപ്പണിക്കരും ഒരുകാലത്തു് ഒന്നിച്ചുണ്ടായിരുന്നു. പാട്ടിന്നു പൊന്നാനി കാവശ്ശേരി കണ്ണുകുറുപ്പും കൃഷ്ണഭാഗവതരുടെ മക്കളായ രാമഭാഗവതർ, സ്വാമിക്കുട്ടിഭാഗവതർ ഇവരുമായിരുന്നു ശങ്കിടിക്കു പൂവ്വള്ളി കേശവൻനായര്, വാവുള്ളിപ്പതി നാരായണൻനായര് ഇവരായിരുന്നു. പണിക്കരുടെ യോഗത്തിൽ പാട്ടുകാർ തിരുവിതാംകൂറിൽ ആസ്ഥാനവിദ്വാനായിരുന്ന ചെന്നമ്മാറ മാധവമേനോൻ, തേമ്പാത്തിൽ അപ്പുമേനോൻ ഇവരായിരുന്നു. ഇവരുടെയും പൂമുള്ളി കേശവൻെറയും പാട്ടുകൾ ഇന്നും എൻെറ ശ്രവണേന്ദ്രിയങ്ങളിൽ മുഴങ്ങുന്നുണ്ടു്.

ഈ വയോവൃദ്ധന്നു ജഗദീശ്വരൻ പൂർണ്ണായുസ്സു കൊടുക്കട്ടെ എന്നു നാം പ്രാർത്ഥിക്കുക.

———o———

# 11. സുന്ദരബ്രാഹ്മണൻ

ഉത്രം തിരുനാൾ തമ്പുരാന്റെ കാലത്തുണ്ടായിരുന്ന ഈശ്വരപിള്ള വിചാരിപ്പുകാരനെ സംബന്ധിച്ചു കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽ വിസ്തരിച്ചു എഴുതീട്ടുണ്ടു്. എന്നാൽ ഒരു കഥ അതിൽ കാണുന്നില്ല. അതാണു് ഈ വിഷയം.

അവിടത്തെ കാലത്തായിരുന്നുവല്ലോ ആട്ടക്കാരുടെ പ്രതാപം. അവിടന്നു എളയതമ്പുരാനായിരുന്ന കാലത്തെ കളിയോഗത്തിന്നു പൂജപ്പുര കൊട്ടാരം കഥകളിയോഗമെന്നും തിരുമൂപ്പു കിട്ടിയപ്പോൾ ആ യോഗം വലിയ കൊട്ടാരംവക കഥകളിയോഗമെന്നും ആയിരുന്നു വിളിച്ചിരുന്നതു്. അന്നത്തെ പ്രധാന വേഷക്കാരിൽ ചിലർ ഈശ്വരപിള്ള, നളനുണ്ണി, കൊച്ചുകൃഷ്ണപിള്ള എന്നിവരായിരുന്നു ഈശ്വരപിള്ള കൊട്ടാരംവക വിചാരിപ്പുകാരൻകൂടി ആയിരുന്നതിനാൽ ഈശ്വരപിള്ള വിചാരിപ്പുകാരൻ എന്നായിരുന്നു സാധാരണ ജനങ്ങൾ വിളിച്ചുവന്നിരുന്നതു്

പിള്ളയുടെ പേരിൽ തിരുമേനിക്കു പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. ഏതു കഥയിലും ഒന്നാംകിട വേഷം ഈശ്വരപിള്ളക്കായിരുന്നു. പിള്ളക്കു് ആരുംതന്നെ യാതൊരു സംഗതിവശാലും യാതൊന്നും സമ്മാനമായി കൊടുത്തുപോവരുതെന്നും അഥവാ കൂടിയേ കഴിയൂ എന്നു വല്ലവർക്കും തോന്നിയാൽ

ആയതിന്നു് മുൻകൂട്ടി തന്റെ സമ്മതം വാങ്ങണമെ ന്നും "ഉല്ലംഘിതാജ്ഞന്മാരെ കൊല്ലും സന്ദേഹമില്ല." എന്നും അവിടന്നു കർശനമായ ആർഡിനൻസ് പാസ്സാക്കിയിരുന്നു.

ഈശ്വരപിള്ളക്ക് പ്രത്യേക കോപ്പുകൾ ഉണ്ടാ യിരുന്നു. രത്നഖചിതമായ കിരീടം, കൈവളകൾ, തോൾവളകൾ, മാലകൾ ഇവ അണിഞ്ഞുവരു മ്പോൾ സ്വതവെയുള്ള സ്വരവലനത്തിന്നു് ഒരു മാററു കൂടമത്രെ.

രുഗ്മിണീസ്വയംവരത്തിൽ ഒരു പ്രധാന പാ ത്രമാണല്ലൊ സുന്ദരബ്രാഹ്മണൻ. ആ വേഷവിധാ നത്തിന്നു് അണിവാനായി പതിനായിരം ഉറുപ്പിക യിലധികം വിലപിടിച്ച മാലകൾ ഉണ്ടായിരുന്നുവ ത്രെ അവയെ അണിഞ്ഞുംകൊണ്ടുള്ള സുന്ദരബ്രാഹ്മ ണന്റെ വരവും രുഗ്മിണിയുടെ സന്ദേശവും വാങ്ങി യാത്ര പറയലും യദുകുലനാഥന്റെ കാരുണ്യത്താൽ ഏതു കാൎയ്യവും തന്നാൽ സാദ്ധ്യമാണെന്നുള്ള ഭാവ രസവും യാത്രാക്ലേശം കൂടാതെയുള്ള നടയും ഭഗവാ ന്റെ തിരുമുററത്തു എത്തിയശേഷം ഏതുവിധമാ ണു് ഒരു പെണ്ണിന്റെ സന്ദേശവുംകൊണ്ടു് സന്നി ധിയിലേക്കു ചെല്ലുന്നതു എന്നുള്ള ആലോചനയും ഒടുവിൽ ബ്രാഹ്മണനായ തനിക്കു് ഏതു് കവാടവും വിവൃതമാണല്ലൊ എന്നുള്ള സമാധാനവും ഏതു രം ഗജീവിയേയും രസിപ്പിക്കാതിരുന്നിട്ടില്ല.

ഇനി നാം കഥയിലേക്കു കടക്കാം. തമ്പുരാന്റെ

കാലത്തു കളി ആരംഭിക്കുന്നതു് എട്ടു മണിക്കും പെറന്നീര പാടുന്നതു പന്ത്രണ്ടു മണിക്കുമായിരുന്നു. ഒരു കാട്ടുമാടത്തു നമ്പൂതിരി ഊട്ടുപുരയിൽ മൃഷ്ടാന്നം കഴിച്ചുശേഷം വെററിലയിൽ നൂറു തേച്ചു അടയ്ക്കാ പുകയില ഇവയോടുകൂടി മുറുക്കുവാൻ വട്ടംകൂട്ടുമ്പോഴാണു് അരങ്ങത്തുനിന്നു കേട്ടുതുടങ്ങിയതു്,

ഇതിബഹുവിലപ്യൈഷാ ഭൂഷാ-
വിശേഷപരാങ്മുഖീ
കമപിധരണീദേവം ദേവീ
കൃപാകുലചേതസാ
സപദിസവിധം നീതാനതാ
തദീയപദാംബുജം
പ്രമദകരിണീയാനാ ദീനാ
ജഗാദമനോഗതം

എന്ന ശ്ലോകം.

കഥകളിയിലുള്ള ഭ്രമംകൊണ്ടു് മുറുക്കാനുള്ള കഥ നമ്പൂതിരി മറന്നു. മുറുക്കാനുള്ള സാധനങ്ങൾ വലതുകയ്യിന്റെ വിരലിന്നിടയിൽതന്നെ വെച്ചുംകൊണ്ടു നമ്പൂതിരി അരങ്ങത്തുചെന്നിരുന്നു. രുഗ്മിണിയുടെ ഒടുവിലത്തെ പദമായ

പ്രാണദാനംചെയ്തവെ
പാർത്തുകണ്ടാൽതരുവാനായി
കാണുന്നില്ലേതുമഹോ ഞാൻ
കാലിണ കൈവണങ്ങുന്നേൻ

എന്ന പദംകഴിഞ്ഞു ബ്രാഹ്മണൻ യാത്രപറഞ്ഞു

പിരിയുമ്പോഴം കളിയിലാണെങ്കിലും ആ മഹാ ബ്രാഹ്മണനെ വെറുംകയ്യായി പറഞ്ഞയക്കുന്നതു് തനിക്കു അനുചിതമായി തോന്നിയതിനാലൊ എന്തൊ തൻെറ കയ്യിൽ ആകപ്പാടെയുള്ള ആ വിശിഷ്ടവസ്തുവിനെ, ഒന്നു മുറുക്കാനുള്ളതിനെ, നമ്പൂതിരി സുന്ദരബ്രാഹ്മണന്നു രംഗത്തുവെച്ചു സമ്മാനിച്ചു. അരങ്ങത്തുനിന്നു കിട്ടിയതു് എന്തായാലും തിരിച്ചു കൊടുപ്പാൻ പാടില്ലാത്തതിനാൽ ആ സമ്മാനം തൻെറ ഇരുകയ്യിലുമായി പിള്ള വാങ്ങി കൈകൂപ്പി വന്ദനവും ചെയ്തു

മാളികമുകളിൽനിന്നു കളികണ്ടു രസിച്ചിരുന്ന തമ്പുരാൻെറ ഭാവം ഇതുകണ്ടു ഒന്നു പകൎന്നു. നേത്രം ചുവന്നു. ഗാത്രം വിറച്ചു. നമ്പൂതിരിയെ ഉടനെ പിടിച്ചുകൊണ്ടുവരുവാനും സുന്ദരബ്രാഹ്മണൻ അണിയറയിലേക്കു വന്നാൽ വേഷം അഴിക്കുന്നതിന്നു മുമ്പായി ആ സമ്മാനത്തോടുകൂടി തിരുമുമ്പിൽ ഹാജരാവാനും ഹരിക്കാരനെ പറഞ്ഞയച്ചു ഇവരുടെ വരവും കാത്തിരുന്നു

തിരുമുമ്പിൽ ഇവർ വന്നാത്തും ഈശ്വരപിള്ളയുടെ കയ്യിലുള്ള സമ്മാനം ഒന്നു കാണട്ടെ എന്നാജ്ഞാപിച്ചു. അതു പുറത്തുകാട്ടുവാൻ പിള്ള മടിച്ചു നമ്പൂതിരി കൂസൽകൂടാതെ പറഞ്ഞുതുടങ്ങി:

നിയമലംഘനം ചെയ്യണമെന്നുള്ള വിചാരം എനിക്കില്ല. അതു ചെയ്വാൻ ആരും ശക്തരുമല്ല. ഒരു രാജ്യകന്യകക്കുവേണ്ടി ദൂതിന്നായി പോയ ഒരു

മഹാബ്രാഹ്മണനെ വെറുംകയ്യായി പറഞ്ഞയച്ചതു് എനിക്കു സഹിച്ചില്ല. വല്ലതും നാലു മുണ്ടു കൊടുപ്പാൻ ശ്രീപത്മനാഭൻ എന്നെ കടാക്ഷിച്ചിട്ടില്ല. ഉണ്ടെങ്കിൽ ഞാൻ സമ്മാനിച്ചേനേ. ഊട്ടുപുരയിൽ ഊണും ബലക്കൽപുരയിൽ കിടപ്പുമായാണു് ഞാൻ കഴിഞ്ഞുപോരുന്നതു്. ഊൺ കഴിഞ്ഞാൽ എനിക്കൊന്നു മുറുക്കണം. അത്ര കാര്യമായി മറ്റൊന്നില്ല എനിക്കു്. ആ മുറുക്കാനുള്ളതു് ഒരുക്കിയതാണു് ഞാൻ സുന്ദരബ്രാഹ്മണന്നു സമ്മാനിച്ചതു്. ഈശ്വരപ്പിള്ളവിചാരിപ്പുകാർക്കു ഞാനൊന്നും കൊടുത്തിട്ടില്ല. എന്നെ രക്ഷിച്ചാലും ശരി, ശിക്ഷിച്ചാലും ശരി ഇതാണു് സത്യം.

നമ്പൂതിരിയുടെ ഫലിതംകേട്ടു തിരുമേനി പൊട്ടിച്ചിരിച്ചു നമ്പൂതിരിക്കു രണ്ടുമുണ്ടു് ഓണപ്പുടവ കൊടുത്തു പറഞ്ഞയച്ചു

—o—

# 12. പട്ടിയ്ക്കാന്തൊടി ആശാൻ

തിരുവാലത്തൂർ ക്ഷേത്രത്തിലെ ഉത്സവകാലം എല്ലാ കൊല്ലങ്ങളിലും തുലാം ഒടുവിലൊ വൃശ്ചികത്തിൽ ആദ്യമോ ആയിവരും ഈ ഉത്സവം. ഉത്സവത്തിന്നു് ഏഴുദിവസം കളി പതിവാണു്. ശീവേലി മുതലായതു കഴിഞ്ഞു കഥകളിക്കു വിളക്കു വെയ്ക്കുമ്പോൾ മണി പന്ത്രണ്ടാവും. ഒരുദിവസത്തെ കഥ

നളചരിതം രണ്ടാംദിവസത്തെ. മേളപ്പദം, തോട യം, മഞ്ജുതര ഇവയെല്ലാം കഴിയുമ്പോഴ് മണി ഒന്ന രയിൽ ചുരുങ്ങില്ല.

സുരരൈന്ദ്രസ്സംപ്രീതൈരിഹസദസി
ദത്താനഘവരാ-
നവാപ്യേത്ഥം ഉഷ്ട്രാപാൻ നിഷധനൃപതി-
സ്താം പ്രിയതമാം
മുദാപാണൌകൃത്യശ്രപുരന്തരാ-
ദാത്മനഗരം
ഗതോ രേമേ ഭൈമീം രഹസിരമയം-
ശ്ചാടുവചനൈഃ

എന്നുള്ള ശ്ലോകംപാടി അവസാനിച്ചതോടുകൂടി തി രനീങ്ങി. നളനും ദമയന്തിയുമായുള്ള പുറപ്പാടു്. ദമയന്തിയെ ആശ്ലേഷബന്ധത്തിൽനിന്നു വേറിട്ടുനി ന്തി ശൃംഗാരപ്പദം പാടുവാൻ ആരംഭിക്കുമ്പോഴ്ത ന്നെ മിനുട്ടു് പതിനഞ്ചു കഴിഞ്ഞു. ആദ്യത്തെ പദ മായ "കുവലയവിലോചനെ" അഭിനയിച്ചുതുടങ്ങി വെ ഞങ്ങഠം തീച്ച്യയാക്കി "കല്പന്നു കാമിതവും കാമി നിമാർകലമൌലിമണേ" എന്നതുവരെ ഈമാതിരി ആടുകയാണെങ്കിൽ കളി മുഴുവൻ കാണാനുള്ള അ ന്നത്തെ "കാമിതംകൈവരുക" ഇല്ല എന്നു്. കാൎയ്യ വും അങ്ങിനെതന്നെയാണു് കലാശിച്ചതു്.

സുമാറു് മൂന്നു മണിക്കൂറു വേണ്ടിവന്നു ശൃംഗാര പ്പദം ആടിക്കഴിയുവാൻ. രംഗത്തിലുണ്ടായിരുന്ന വർ ഞാനും വേറെ രണ്ടാളും ഒഴിച്ചു കുംഭകേൎണ്ണനെ

സേവിച്ചുതുടങ്ങി. പിന്നീടു് ഇളകിയാട്ടത്തിന്നുള്ള വട്ടമായി. പുഷ്കരന്നുതന്നെ പുറത്തുവരുവാൻ സമയം കാണുകയില്ല എന്നു തോന്നിയതിനാൽ ഞങ്ങൾ രംഗത്തുനിന്നു സൂര്യോദയം ആവാറായി എന്നു മുദ്ര കാണിച്ചു് അറിയിച്ചു. അതിന്നു പുരികംചുളുക്കി ഒന്നു ഞങ്ങളെ തുറിച്ചുനോക്കുകയാണു് ചെയ്തതു്. ഈ രംഗം മാറട്ടെ, എന്നിട്ടു് അരങ്ങത്തുവരാം എന്നു തീർച്ചയാക്കി ഞങ്ങളും വാക്കൌട്ടു് ചെയ്തു. നിയമസഭയിലെ ചില മെമ്പർമാരെപ്പോലെ. എന്തിന്നു വിസ്തരിക്കുന്നു ഇളകിയാട്ടം അര മണിക്കൂറു കൊണ്ടു് ഒരുവിധം അവസാനിപ്പിച്ചു. പക്ഷേ അതു കാണുവാൻ മേളക്കാരും ദമയന്തിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ പതിഞ്ഞാട്ടക്കാരനാരാണെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. അതു പട്ടിയ്ക്കാംതൊടി രാമുണ്ണിമേനോൻ ആയിരുന്നു പുഷ്കരന്റെ ചൂതാട്ടം കഴിഞ്ഞതും "മാണിക്കപ്രഭാനതിസൂര്യനരുണംമുമ്പിട്ടയന്നു". കാട്ടാളൻ മുടിവെയ്ക്കാതെതന്നെ തേച്ചുകഴുകി മുഖം ശുദ്ധിവരുത്തി.

ഇതിൽനിന്നു ഒന്നു മനസ്സിലായിരുന്നു. ആശാൻ ആരുപറഞ്ഞാലും അനുസരിക്കുന്ന ആളല്ലെന്നു്. രംഗവാസികൾക്കു രസിച്ചാലും ശരി, ഇല്ലെങ്കിലും ശരി, തന്റെ ഡ്യൂട്ടി താൻ നിർവ്വഹിക്കും. അല്പം മുൻശുണ്ഠികൂടി ഉണ്ടായിരുന്നുവൊ എന്നൊരു ശങ്കയും എനിക്കു തോന്നീട്ടുണ്ടു്.

ആശാന്റെ പ്രധാന വേഷം കുമ്മീരവധത്തി

ലെ ധർമ്മപുത്രരാണെന്നു പരക്കെ അറിവുള്ള സംഗതിയാണു്. ഭക്തിയുടെയും കരുണത്തിന്റെയും അന്തരീക്ഷത്തിൽ അലിഞ്ഞുനിൽക്കുന്ന ധർമ്മപുത്രരാണു പട്ടിയ്ക്കാന്തൊടി. കത്തിയും പച്ചയും കെട്ടുന്നതിലാണു ആശാനു അധികം ആശ ഉണ്ടായിരുന്നതു്.

ആശാന്റെ ജനനം ആയിരത്തി അമ്പത്തിആറു കന്നിയിലാണു്. കുട്ടിക്കാലത്തു് ഒന്നോ രണ്ടോ കഥകളി കണ്ടപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധ അതിലേക്കു തിരിഞ്ഞു. ഗുരുനാഥൻ കല്ലുവഴി ഇട്ടിരാരിച്ചമേനോൻ ആയിരുന്നു. അദ്ദേഹത്തിന്റെ ഗുരുനാഥൻ ഒരു തെക്കൻവേഷക്കാരനായ നളനുണ്ണിയും. അങ്ങിനെയുള്ള ആദ്യവസാനക്കാരിൽനിന്നാണു പട്ടിക്കാന്തൊടിക്കു ശിക്ഷണം ലഭിച്ചതു് ഇട്ടിരാരിച്ചന്റെ "കമലദളം ക്ഷ"യായെന്നു നമ്പൂതിരിമാർ പറഞ്ഞു ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്. ഗുരുനാഥനും അരങ്ങത്തുവന്നാൽ ശൃംഗാരപ്പദം ചുരുക്കി ആടുന്ന കൂട്ടത്തിൽ അല്ലായിരുന്നു ആ പഠിപ്പായിരിക്കാം ശിഷ്യനായ പട്ടിയ്ക്കാന്തൊടിക്കു്.

ആദികാലത്തു ആശാന്റെ കയ്യും മെയ്യും നന്നായിരുന്നു എന്നല്ലാതെ മുഖം മരപ്പാവപോലെ നിർജ്ജീവമായിരുന്നു. പിന്നീടു കൊടുങ്ങല്ലൂർ ചെന്നു അവിടത്തെ പരദേവതയെ ഭജിച്ചും തമ്പുരാക്കന്മാരുടെ കീഴിൽ അഭ്യസിച്ചുമാണു ആ കോട്ടം തീർന്നതു്. അദ്ദേഹത്തിന്റെ അഭിമാനം ആദ്യവസാന

വേഷങ്ങൾ ഒഴിച്ചു മററൊന്നും കെട്ടുവാൻ അനുവദി ച്ചിരുന്നില്ല.

ഒരിക്കൽ തിരുവനന്തപുരത്തുവെച്ചു മനസ്സില്ലാ മനസ്സോടെ ഒരു കരിയും ഒളപ്പമണ്ണമനക്കൽവെച്ചു ഒരു ചുവന്ന താടിയും കെട്ടിയതായി പറഞ്ഞുകേട്ടി ട്ടുണ്ടു്. അങ്ങിനെ ഇരിക്കുന്ന കാലത്താണു കവള പ്പാറ നാരായണൻനായരു് ഹനുമാനായും പട്ടിയ്ക്കാ ന്തൊടി സൗഗന്ധികത്തിലെ ഭീമനായും ഒരു അര ങ്ങു കാണുവാൻ എനിക്കു സംഗതിയായതു്. അടു ത്തൊരു ദിവസവും കഥ ഇതുതന്നെയായിരുന്നു. പക്ഷെ അന്നത്തെ ഭീമൻ നാരായണൻനായരും ഹ നുമാൻ പട്ടിക്കാന്തൊടിയുമായിരുന്നു. ഈ രണ്ടു രംഗങ്ങളെയും ആസ്പദിച്ചു ഞാൻ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ എഴുതിയിരുന്ന ഒരു ലേഖനത്തി ൻെറ സംഗ്രഹം ഇവിടെ ചേക്കുന്നു:

ഒരു നല്ല പണ്ഡിതനും കഥകളി ആശാനുമായ പട്ടിയ്ക്കാന്തൊടി പുഷ്പങ്ങളെ പാഞ്ചാലിയുടെ തലമു ടിയിൽ സഹഹസ്തംകൊണ്ടു് ചൂടിയാണു് അഭിനയി ച്ചതു്. ഇതു ശരിയാണൊ എന്നാണു് ഒരു സംശ യം പലക്കും ഉണ്ടായതു്. സമയം അങ്ങിനെയാണ ല്ലൊ.

കഥകളിപ്പദത്തിൽ "കൽഹാരകുസുമങ്ങളെ ഉല്ലാസമൊടു ധരിച്ചാലും" എന്നു മാത്രമേ കാണുന്നു ള്ളു. പുഷ്പങ്ങളുടെ ആവശ്യം എന്താണെന്നു നാം പ രിശോധിക്കുക. ഘ്രാണിച്ചുനോക്കുവാനും മാലയാ

ക്കി തലമുടിയിൽ ചൂടുവാനുമാണല്ലോ നാം പുഷ്പ ങ്ങളെ ഉപയോഗിക്കാറു്. ഈ പുഷ്പങ്ങൾ പാഞ്ചാ ലിക്കു ലഭ്യമായപ്പോൾ ഏതുവിധമാണു് ഉപയോ ഗിച്ചതെന്നു കഥകൊണ്ടു കാണുന്നില്ല.

പാഞ്ചാലിയുടെ കുന്തളത്തിൽ പ്രേമബദ്ധനാ യി തന്റെ കയ്യുകൊണ്ടുതന്നെ ചൂടിയാലെ ഭീമൻ അത്യദ്ധ്വാനം ചെയ്തതിന്നുള്ള ഫലപ്രാപ്തിയാവുകയു ള്ളു എന്നു ഏവനും സമ്മതിക്കും. പക്ഷെ പൂച്ചൂടി ബ ന്ധിക്കുവാനുള്ള നിലയിൽ ആയിരുന്നുവോ പാഞ്ചാ ലിയുടെ തലമുടി. ദുശ്ശാസനന്റെ വസ്ത്രാക്ഷേപത്തി ന്നുശേഷം തലമുടി കെട്ടാതെ അഴിഞ്ഞാണല്ലോ കി ടന്നിരുന്നതു്

അന്ധമതേ, തിഷ്ഠ കിംധാവതി ഭവാൻ
അന്ധ ത്മജ! നിന്റെ രക്തം കുടിച്ചുടൻ
ബന്ധുരഗാത്രി പാഞ്ചാലിതൻവേണിയെ
ബന്ധിപ്പനെന്നുള്ള സത്യം കഴിക്കുവൻ

എന്നുള്ള ഭീമസേനന്റെ വെല്ലുവിളിയിൽനിന്നും

കുരുകുലാധിപൻ തന്നോടു മെല്ലവെ
സരസമാംവണ്ണം ദൂതുരചെയ്യുമ്പോൾ
മുരഹര ഭവാനെന്റെ തലമുടി
നിരുപിച്ചേക്കണം ദേവനാരായണ

എന്നുള്ള പാഞ്ചാലിയുടെ സന്ദേശത്തിൽനിന്നും വ്യക്തമാവുന്നുണ്ടല്ലോ.

പിറേറ ദിവസത്തെ രംഗത്തിൽ കവളപ്പാറയു ടെ അഭിനയം മറെറാരു വിധത്തിലായിരുന്നു. പ്രേ

റികൊണ്ടുവന്ന പുഷ്പങ്ങളെ പാഞ്ചാലിയുടെ കയ്യിൽ കൊടുപ്പാൻ ഭാവിക്കവെ, അവിചാരിതമായ എന്തോ സംഗതി തന്റെ മനസ്സിൽ തോന്നിയതായി നടിച്ചുതുടങ്ങി. ഉടനെ കയ്യ് പിൻവലിക്കുകയും പാഞ്ചാലിയുടെ കേശം കണ്ടു ശോകവും സൗഗന്ധികപുഷ്പങ്ങൾ നോക്കി കോപവും "ഏകനയനംകൊണ്ടു കോപമൊടുനിന്നെയും ശോകമോടപരേണ നോക്കുന്നു പതിയേയും" എന്ന ഉത്തരാസ്വയംവരത്തിലെ പദം പോലെ അഭിനയിച്ചു തുടങ്ങുകയും ചെയ്തു. കാണികൾ ഇതു കണ്ടു അന്ധാളിക്കാതിരുന്നില്ല. ഭീമന്റെ ഭാവങ്ങൾ ക്രമേണ ഭീകരമായി തുടങ്ങി. സൗഗന്ധികം കഥാരംഭത്തിൽ തന്റെ ജ്യേഷ്ഠനോട് ചെയ്ത അപേക്ഷയെ ഓർമ്മിച്ചും തുടങ്ങി.

നിശ്ശങ്കമഹിതരെ രണെ വെന്നു ഞാൻ
ദുശ്ശാസനന്റെ രുധിരം
അശപാസമോടു ബഹുപീതപാകരേണ
മുഹുരാശേപവ ദാരക ചമൃത്തം സയാസ്പ്യഹം

എന്ന രൗദ്രരസം അഭിനയിച്ചുതുടങ്ങി. അതോടുകൂടി തന്റെ കയ്യിലുണ്ടായിരുന്ന പുഷ്പങ്ങളെ കശക്കി ചുവട്ടിൽ ഇട്ട് കാൽകൊണ്ടു മർദ്ദനം ചെയ്കയും പ്രാണപ്രേയസിയുടെ വാക്കുകേട്ടു മേൽകീഴ് ആലോചിക്കാതെ ചാടിപ്പുറപ്പെട്ട തന്റെ പൊണ്ണത്തത്തെ ഓർത്ത് കുണ്ഠിതപ്പെടുകയും ചെയ്തു.

ഈ രണ്ടു അഭിനയങ്ങളിൽ ഏതാണ് ആദരണീയം എന്നുള്ളതു വായനക്കാർ തീർച്ചയാക്കിക്കൊ

ള്ളമല്ലൊ.

പട്ടിയ്ക്കാന്തൊടി കലാമണ്ഡലത്തിലും കോട്ട യ്ക്കൽ വാരിയരുടെ കളിയോഗത്തിലും മററു പല കളരികളിലും ആശാനായി ഇരുന്നിട്ടുണ്ട്. അതുനി മിത്തം വളരെ ശിഷ്യഗണങ്ങൾ ഉണ്ടാവാൻ ഇട യായിട്ടുണ്ട്. ഇന്നത്തെ ഒന്നാംകിടക്കാരായ കലാമ ണ്ഡലം കൃഷ്ണൻനായര്, വാഴേങ്കട കുഞ്ചു, തേക്കുംകാ ട്ടിൽ രാവുണ്ണി, തെക്കിൻതോട്ടത്തിൽ രാമൻകുട്ടി, ലോകവിശ്രുതനായ ആനന്ദശിവരാമൻ, മാധവൻ, ഗോപിനാഥൻ ഇവരെല്ലാം ഈ മഹാനുഭാവന്റെ ശിഷ്യന്മാരാണ്. ഇത്ര ശിഷ്യസമ്പത്തുള്ള ഒരു ന ടൻ വേറെ ഉണ്ടായിട്ടുണ്ടോ എന്നുതന്നെ സംശയമാ ണ്. 1123 ചിങ്ങം 29-ാംനു- കഥകളിലോകത്തി ന്ന് ഒരു ദുർദ്ദിവസമായിരുന്നു. അത്ര പറഞ്ഞാൽ മ തിയല്ലൊ.

അന്നു കലാമണ്ഡലത്തിന്റെ വാർഷികയോഗ മായിരുന്നു. മരണവാർത്ത അറിഞ്ഞ ഉടനെ വള്ള ത്തോൾ മഹാകവി ഇടറിയ കണ്ഠമായി രംഗത്തു വ ന്നു ഇപ്രകാരം കണ്ണീരും കയ്യുമായി പറഞ്ഞു.

"നളനുണ്ണിമുതൽ ഇന്നുവരെ കണ്ണിപൊട്ടാതെ നിലനിന്നുവന്ന കഥകളിയുടെ അവസാനത്തെ നടനും ഇതാ തിരോധാനംചെയ്തതായി അറിവുകി ട്ടിയിരിക്കുന്നു."

# 13. കുറിച്ചി കുഞ്ഞൻപണിക്കര്

കുറിച്ചിയുടെ വേഷങ്ങൾ വളരെ കുറച്ചേ ഞാൻ കണ്ടിട്ടുള്ളു. അവ രണ്ടും ഈയ്യിടെ മളിരാശി യിൽവെച്ചുമായിരുന്നു. ഒന്നു സൌഗന്ധികത്തിൽ ഹനുമാനായും മറെറാന്നു നളചരിതം ഒന്നാം ദിവ സത്തെ കഥയിൽ അരയന്നമായുമാണ്. ഹനുമാൻ പലരുടേയും ഒന്നാന്തരമായി കണ്ടിട്ടുള്ള കൂട്ടത്തിൽ ഒന്നായിരുന്നു എന്നല്ലാതെ പ്രത്യേകിച്ചൊന്നും പറ വാനില്ല. എന്നാൽ ഹംസം അങ്ങിനെ ഒട്ടല്ലേനും.

നളചരിതം ഒന്നാംദിവസത്തെ കഥ ഞാൻ നടാടെ കാണുകയാണ്. ഉത്തരകേരളത്തിൽ ഈ കഥ അഭിനയിച്ചുതായി എനിക്കറിവില്ല. നളൻ കലാമണ്ഡലം കൃഷ്ണൻനായർ ആയിരുന്നു. ദമയന്തി കെട്ടിയതും ഒരു ഒന്നാംകിടതന്നെയായിരുന്നു. പ ക്ഷെ ആ വിദ്വാൻെറ പേർ ഇപ്പോൾ ഓർമ്മ തോന്നു ന്നില്ല. ഇനി പ്രകൃതത്തിൽ കടക്കാം.

കഥനേനമുദ്രനരനേനരാജാ
കദനേസൌമദനേഷുജേനിമജ്ജൻ
സചിവെവിനിയോജ്യരാജ്യഭാരം
വിജനെപുഷ്പവനെതതാനവാസം

എന്ന ശ്ലോകംചൊല്ലിയാണു കഥാരംഭം.

"കയ്യൂൽവരുന്നാകിൽനന്നെത്രയും ചിത്രതരം ഗനിവൻ" എന്നതുവരെയുള്ള അഭിനയം കഴിഞ്ഞു

അനക്കംകൂടാതെ നരവരനണ-
ണഞ്ഞാശുകുതുകാ-
ദനല്പസ്വർണ്ണാഭംരയിതമ-
രയന്നപ്പരിവൃഢം
ഇണക്കാമെന്നോർത്തങ്ങിതമൊടു
പിടിച്ചാരളവിലേ
ക്ഷണക്കംലോകംപൂണ്ടവനഥരു-
രോദാതികരുണം

എന്നുള്ള അഭിനയശ്ലോകവും ആടിക്കഴിഞ്ഞു നളൻ അരയന്നത്തെ ചെന്നുതൊട്ടു തൊട്ടില്ല എന്നുള്ള നിലയിലായി.

തുടങ്ങി അവിടന്നു ഒരു പിടച്ചലും കരച്ചലും. "ശിവശിവ എന്തു ചെയ്‌വൂ ഞാൻ" എന്നതുമുതൽ ഹാ എന്തൊരു അഭിനയം! "ഇച്ഛക്കൊത്തവണ്ണം ഗച്ഛനീ" എന്നു പറഞ്ഞു നളൻ കൈവിട്ടപ്പോൾ കുഞ്ചൻനമ്പ്യാര് തുള്ളലിൽ പറയുന്ന രംഗമാണു അഭിനയിച്ചുതുടങ്ങിയതു്.

അന്നംധരണിയിൽനിന്നെഴുന്നീററു
ഒന്നുകുടഞ്ഞുശരീരമശേഷം
തന്നുടെചിറകുംവീശിയിരുന്നു
ചിറകിനകത്തുകടിച്ചുകിടക്കും
ചെറുപേൻകൊതുകുകൾ ഈച്ചകൾപുഴുവും
തിറവിയകൊക്കുകൾകൊണ്ടുകടിച്ചു
കൊറുകൊറയങ്ങുകൊറിച്ചുതുടങ്ങി

ഒരുകാൽകൊണ്ടുശിരസ്സിൽപരിചൊട്ടു
ചൊറുകിഞ്ഞത്തി നടന്നുതുടങ്ങി.

അതങ്ങു കഴിഞ്ഞു

"അഥവിഗതഭയോ ദയാപരയോധിം
നികടഗതാന്നിഷധേശ്വരം ന്യഗാദീൽ"

എന്ന ശ്ലോകം ചൊല്ലിയപ്പോൾ രണ്ടാമതു മടങ്ങി വന്നു നളനുമായി ഒന്നിച്ചിരുന്നുകൊണ്ടുള്ള സംഭാഷണവും ഒടുവിൽ,

"വചനകൌശലേന കാമിനിമാർമണിയെ
വശഗയാക്കി മമ തരികനീ"

എന്നു നളൻ അപേക്ഷിച്ചപ്പോൾ ഈശ്വരസഹായത്താൽ തനിക്കു സാധിക്കാത്ത കാര്യം ഒന്നുമില്ലെന്നു നടിക്കുന്നതും ഇതിലധികം നന്നാവാൻ തരമില്ല.

അതുപോലെതന്നെ ദമയന്തിയെ കണ്ടശേഷം "തൊഴുന്നേനെ ഞാൻ കൈകൾകൊണ്ടു തോഴിമാരെ" എന്ന പദം ആടുമ്പോൾ ദമയന്തിയെ ഇട്ടു ശിങ്കകളിപ്പിക്കുന്നതും,

അംഗനമാർമൌലേ ബാലെ!
ആശയം തെ അയിതെ

എന്നുതുടങ്ങിയുള്ള സംഭാഷണവും ഇളകി ആട്ടത്തിൽ നളന്റെ രൂപം ഒരു താമരപത്രത്തിൽ എഴുതി ദമയന്തിക്കു കൊടുക്കുന്നതായി നടിക്കുന്നതും ദമയന്തി ആ രൂപത്തെ മാറോടണച്ച് ആനന്ദിക്കുമ്പോൾ ഒട്ടുകണ്ണിട്ടു രസിക്കുന്നതും ഹാ! എത്ര ആനന്ദകരമായിരുന്നു.

വേഷവിധാനം ഗരുഡന്റെപോലുള്ള തേപ്പും മൂക്കും ചിറകു ശ്രീകൃഷ്ണന്റെ മയിൽപ്പീലിമുടിയും. ഇദ്ദേഹത്തിന്റെ ഒരു ഹംസംകൂടി എങ്കിലും കാണണമെന്നുള്ള മോഹം കലശലായിട്ടുണ്ടു് എനിക്കു്.

അന്നു കേളിക്കയ്യിന്നും പുറപ്പാടിന്നും രംഗത്തുവെച്ചു ചേങ്ങലം എടുപ്പാൻ സംഗതിവശാൽ സാധിച്ചതുനിമിത്തം കളി മുഴുവൻ അടുത്തുതന്നെ ഇരുന്നു കാണുവാൻ എനിക്കു സംഗതിയായി. നമ്മുടെ കഥാനായകന്നു വയസ്സു് 64 കാണണം. ജഗദീശ്വരൻ പൂൎണ്ണായുസ്സു കൊടുപ്പാൻ പ്രാൎത്ഥിക്കുക.

---

# പലവക

ഈ കലയെ സംബന്ധിച്ചു രണ്ടുവാക്കു പറയുന്നതു് ഈ സന്ദൎഭത്തിന്നു യോജ്യമായിരിക്കുമെന്നു വിചാരിക്കുന്നു.

കഥകളിയെ പരിഷ്കരിക്കേണമെന്നു പറഞ്ഞു പുത്തൻകൂറുകാരായ ചിലർ പിന്നെയും പല്ലവി പാടിത്തുടങ്ങിയിരിക്കുന്നു. ഈ നാട്യകലയുടെ ഗുണാതിശയങ്ങളെ ആരാഞ്ഞറിവാൻ ഉത്സാഹിക്കാതെ ഇതിലൊരു ചുക്കുമില്ലെന്നും ഊമക്കളിയാണെന്നും മുറവിളി കൂട്ടിയിരുന്നവർ മുമ്പുമുണ്ടായിരുന്നു. "വിദ്യാവിനോദിനി, രസികരഞ്ജിനി" ഈ മാസികകളിലെ പത്രാധിപന്മാർതന്നെ കഥകളിയെ എ

ന്ത്രംകൊണ്ടു ചില ലേഖനങ്ങൾ എഴുതിയിരുന്നതു ഈ എഴുതുന്നാൾ വിസ്മരിച്ചിട്ടില്ല. അന്നതിന്നു പലരും ചുട്ട മറുപടിയും കൊടുത്തിട്ടുണ്ടു്. കൂട്ടത്തിൽ അണ്ണാൻകുഞ്ഞും തന്നാലായതുപോലെ ഞാനും. എന്നാൽ ഇയ്യിടെയായി ചില ലേഖനങ്ങൾ ജയകേരളം വാരികയിലും മററും കാണാറായിത്തുടങ്ങിയിരിക്കുന്നു. ഈ സംഗതികളാണു് ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്

തിരശ്ശീല പാടില്ല. നിലവിളക്കു വയ്യ, പെട്രോമാക്സ് വിളക്കോ വിദ്യുച്ഛക്തിവെളിച്ചമോ കൂടിയേ കഴിയൂ, കഥകളി രാത്രി മുഴുവൻ ആടാൻ പാടില്ല, അമ്പലമിററത്തു വെച്ചാകാ, ടൌൺഹാളിലാക്കണം, യുദ്ധരംഗം ഒഴിക്കണം. ഏതാണ്ടങ്ങനെയാണു് ഇവരുടെ കോലാഹലം. ചുട്ടിയും തേപ്പും കിരീടവും കളഞ്ഞു മുഖത്തു പൌഡർ ഇട്ടു മിനുക്കി നാടകവേഷധാരികളെപ്പോലെ തലയിൽ കല്ലാവൊ ഗാന്ധിത്തൊപ്പിയൊ വെച്ചു രംഗപ്രവേശനം ചെയ്യണം എന്നു പറയാത്തതു ഭാഗ്യം.

ഇതിന്നുപുറമെ തോടയവും പുറപ്പാടും ഒന്നും കാണാറില്ല ഇയ്യിടെയായി. മേളപ്പദം രണ്ടുനിമിഷം ഉണ്ടായിരുന്നതും ഇപ്പോൾ നാസ്തി. "മാതംഗാനനമബ്ജവാസരമണീം" തുടങ്ങിയുള്ള വന്ദനശ്ലോകങ്ങൾ പൂജ്യമായില്ലെന്നു മാത്രം. മഞ്ജുതര മായയായി മറഞ്ഞുപോയി. ഇങ്ങനെയൊക്കെയാണു് ഇപ്പോഴത്തെ സ്ഥിതി.

പുറമെ കഥകളിവേഷങ്ങൾക്കും കുറേശ്ശ മാററം വരുത്തിത്തുടങ്ങിയിരിക്കുന്നു. അതിൻെറ രമണീയതയെ കാത്തു രക്ഷിക്കേണ്ടുന്ന യോഗ്യന്മാർതന്നെയാണ് ഇതിന്നു പുറപ്പെടുന്നതും. യോഗ്യനായ ഒരു കവിയുടെ സാന്നിദ്ധ്യത്തിൽ ഇയ്യിടെ നടന്ന ഒരു രംഗമാണ് ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്. മഹാകവി വള്ളത്തോളിനാൽ നിർമ്മിതമായ "ഔഷധാഹരണം" ആട്ടക്കഥ അഭിനയിക്കുമ്പോൾ ശ്രീരാമലക്ഷ്മണന്മാരുടെ വേഷം താടി ഇല്ലാതെയുള്ള ദുർവ്വാസാവിൻെറയും നാരദൻെറയും മിനുക്കുവേഷംപോലെ ആയിരുന്നു എന്നു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വായിപ്പാൻ ഇടയായി. ഇതൊരു പുതുമതന്നെ. ഏവംവിധനയാവുമ്പോൾ ബാലിവധം, തോരണയുദ്ധം എന്നീ കഥകളിൽ ശ്രീരാമലക്ഷ്മണന്മാരുടെ വേഷം ഇപ്പോൾ നടന്നുവരുന്ന രീതിയിൽനിന്നു തീരെ മാറേറണ്ടതായി വരും. എന്തുകൊണ്ടെന്നാൽ അക്കാലങ്ങളിലും വനവാസമാണല്ലോ.

ഈ പരിവർത്തനം വരുത്തുകയാണെങ്കിൽ ലവകുശന്മാരുടേതോ എന്നൊരു ചോദ്യം ഉന്നയിക്കുന്നു. അവർ വളർന്നു വരുന്നതു വാല്മീകി മഹർഷിയുടെ ആശ്രമത്തിലുമാണല്ലോ "അലമലം അതിസാഹസം ചെയ്യൊല്ല നിങ്ങൾ" എന്നു പറഞ്ഞുവരുന്ന ഭൂസുരബാലന്മാർക്കും ഇവർക്കും വേഷവിധാനത്തിൽ എന്താണ് മാററം വരുത്തേണ്ടതു് എന്നു മനസ്സിലാവുന്നില്ല.

ഓ, പിന്നെയും കഴിച്ചുകൂട്ടുവാൻ സാധിക്കുമായിരിക്കാം. നളചരിതം രണ്ടാംദിവസത്തെ കഥയിൽ

വസ്ത്രം പത്രികൾ കൊണ്ടുപോയ് ദിവി
മറഞ്ഞപ്പോളവസ്ഥാം നിജാം
ഉൾത്താരിങ്കൽ വിചാര്യ ദീനവദന
നായ്നിന്നു നളൻ ദീനനായ്

എന്നുള്ള അഭിനയശ്ലോകം ആടുമ്പോൾ നളന്റെ വേഷം ഏതുവിധമായി മാറണമെന്നു കണ്ടുതന്നെ അറിയണം. "പടം നോക്കിയുടൻ താനെ നടന്നാനെം വെടിഞ്ഞെന്നെ" എന്നുള്ള ദമയന്തിയുടെ വിലാപസമയത്തോ! പോരെങ്കിൽ നാലാംദിവസത്തെ കഥയിൽ

"ഭൂപാലൻ ഭുജഗേന്ദ്രദത്തവസനം
ധാത്തിസ്വമൂത്തിംവഹൻ"

ആവുമ്പോൾ കരിനളന്റെ പിന്നിൽ ഒരു സുന്ദരനളൻ തെയ്യാറായി ഇരിക്കേണ്ടിയുംവരും. ഈ വക സംഗതികൾ കഥകളിപ്രിയന്മാർ ആലോചിച്ചു ഉത്തരം കല്പിക്കട്ടെ.

രാവണന്നു പത്തു തല ഉള്ളതുകൊണ്ടു പത്തു കിരീടം കൂട്ടിക്കെട്ടി രാവണനെ രംഗപ്രവേശം ചെയ്യിപ്പാൻ കളപ്പുമണ്ണ മനക്കലെ ഒരു നമ്പൂതിരിപ്പാട് പണ്ടെങ്ങാൻ ഏർപ്പാടു ചെയ്തതായി കേട്ടിട്ടുണ്ടു്. അപ്പോൾ ദശമുഖരാവണന്നോ എന്നാണു് എന്റെ പ്രശ്നം.

പ്രകൃതാനുസരണം വേഷവിധാനമാക്കണമെന്നു വല്ലവരും ശഠിക്കുന്നപക്ഷം പാചകവേഷധാരിയായ ബാഹുകൻ, ബകവധത്തിൽ ബ്രാഹ്മണവേഷധാരിയായ ഭീമസേനൻ ഇവക്കും ഇപ്പോൾ കാണുന്ന രീതി മാറേറണ്ടതായി വരും. അങ്ങിനെയാവുമ്പോൾ ആയവ അശ്ലീലമായി കലാശിച്ചു വെളുക്കാൻ തേച്ചു പാണ്ടുപാടിച്ച കൂട്ടത്തിലാവും.

പക്ഷെ സ്ത്രീവേഷത്തിന്നു മാത്രം ഒരു മാററം വരുത്തുന്നതു ശരിയായിരിക്കുമെന്നു് എനിക്കു പണ്ടു പണ്ടെ തോന്നിത്തുടങ്ങീട്ടുണ്ടു്. ഇതു സംബന്ധമായി ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്തു വിദ്യാവിനോദിനി എന്ന പ്രതിപക്ഷപത്രത്തിലും ഇയ്യിടെയായി മദ്രാസ്സ പത്രിക എന്ന മാസികയിലും ഭയ കേരളം വാരികയിലും എൻെറ അഭിപ്രായം ഞാൻ എടുത്തു പറഞ്ഞിട്ടുണ്ടു്, സുമാറു് ഇരുപത്തിഅഞ്ചു കൊല്ലം മുമ്പു് മലബാറിൽ നടപ്പുണ്ടായിരുന്നതും ഇപ്പോൾ ലുപ്തപ്രായമായിരിക്കുന്നതും ആയ കംസനാടകം, മീനാക്ഷിനാടകം എന്ന രൂപകങ്ങളിലെ വേഷവിധാനംപോലെ കഥകളിയിലെ സ്ത്രീവേഷങ്ങൾക്കും ഒരു മാററം വരുത്തുന്നതു നന്നായിരിക്കുമെന്നു്. മുഖത്തു പൗഡർ, സാരി, തലമുടി പിന്നിയിട്ടിട്ടോ അഴിച്ചിട്ടിട്ടോ കഥയിലെ യോജ പ്പുപോലെ, നെററിയാൽ പൊട്ടു തൊട്ടു് എന്ന രീതിയിൽ. ചുരുക്കത്തിൽ ലവണാസുരവധത്തിൽ മണ്ണാത്തിയുടെ വേഷം ഒന്നു പരിഷ്കരിച്ചു. കണ്ടാലും കൗതുകമുണ്ടു്.

കലാശം ചവുട്ടാനും ബുദ്ധിമുട്ടില്ല. സമാറു പന്ത്ര ണ്ടു കൊല്ലം മുമ്പു ലളിതപൂതനയായി ഈ വേഷ വിധാനത്തിൽ പരീക്ഷാർത്ഥമായി ഈ എഴുതുന്നാൾ ഒരു ദിവസം രംഗപ്രവേശം ചെയ്യുമ്പോൾ "നന്ദിച്ചു തെയ്യുള്ള ഗുരുക്കളെല്ലാം." മുടി ചരിച്ചുകെട്ടിവെച്ചു വന്നിരുന്ന സമ്പ്രദായം ആധുനികക്ക് അപരി ഷ്കൃതമാണെന്നു തോന്നുന്നതിൽ അത്ഭുതമില്ലല്ലൊ.

ഈ ലേഖനാരംഭത്തിൽ തിരശ്ശീലയെ സംബ ന്ധിച്ചും വിളൃച്ഛക്തി വിളക്കിനെ സംബന്ധിച്ചും ചിലതു പറഞ്ഞിട്ടുണ്ടല്ലൊ. അതിനുള്ള കാരണ ങ്ങൾ എന്റെ അനുഭവത്തിലുള്ളതു് ഇവിടെ എടു ത്തുപറയാമെന്നു വിചാരിക്കുന്നു.

ഡൽഹി ഡർബാർ ഉണ്ടായതു് ചരിത്രസംബ ന്ധമാണല്ലൊ. അന്നേദിവസം പാലക്കാട്ടു കോട്ട മൈതാനത്തുവെച്ചു കംസനാടകം എന്നൊരു രൂപ കം അഭിനയിക്കയുണ്ടായി. ഇതിലും വേഷവിധാ നങ്ങൾ കഥകളിപോലെതന്നെ. അന്നു അരങ്ങത്തു നിലവിളക്കിന്നു പകരം പെട്രോമാക്സ് വിളക്കായി രുന്നു പ്രഥമമായി ഉപയോഗിച്ചിരുന്നതു്. വേഷ ക്കാരന്റെ മുഖത്തുള്ള ഭേദങ്ങൾ ഒന്നുംതന്നെ പ്രേ ക്ഷകന്മാക്ക് അനുഭവിപ്പാൻ തരമായില്ലെന്നു കുറച്ചു കഴിഞ്ഞപ്പോൾ രംഗവാസികളിൽനിന്നു ബഹളമു ണ്ടായി. ഉടനെ ആ വിളക്ക് നീക്കംചെയ്തു നില വിളക്കുതന്നെയാണു് ഉടനെ പ്രതിഷ്ഠിച്ചതു്. ഇതു പോലെ കലാഭ്യുദയം കളിയോഗം 1933-ാമതു കൊ

ള്ളത്തിൽ പാലക്കാട്ട് പി. എസ്. വി. ഹാളിൽവെച്ചു കുറച്ചുദിവസം ഉണ്ടായപ്പോൾ ഇതുപോലത്തെ ഒരു പരിവർത്തനം പരീക്ഷിച്ചു നോക്കി വിഫലമായി. ഈ നിലവിളക്കിൻെറ ഉജ്ജ്വലമായ വെളിച്ചമില്ലെങ്കിൽ വേഷക്കാരൻെറ മുഖത്തുനിന്നും കണ്ണുകളിൽനിന്നും സ്ഫുരിക്കുന്ന ഭാവരസം ശരിയായി അനുഭവിപ്പാൻ സാദ്ധ്യമാകുന്നില്ല.

ഇയ്യിടെ ഉണ്ടായ ചില അനുഭവങ്ങൾ പറയാം. 1945-ൽ മദ്രാസ്സ് മൌണ്ട് റോഡിലുള്ള ന്യൂ തിയേററിലും 1946 ജനുവരിയിൽ അഡയാറിൽവെച്ചും ഉണ്ടായ അരങ്ങുകൾക്ക് വിദ്യുച്ഛക്തിവെളിച്ചം നിമിത്തം കളി വഷളായി തോന്നിയതും ഇന്നും ആരും മറന്നിരിപ്പാൻ വഴിയില്ല. എന്നാൽ 1948-ൽ മലയാളി ക്ലബ്ബിൽവെച്ചു സുവർണ്ണജൂബിലി കൊണ്ടാടിയ അവസരത്തിൽ നിലവിളക്ക് രംഗത്തുവെച്ചിരുന്നപ്പോൾ ഉണ്ടായ സുഖവും എന്നും മറക്കാവുന്നതുമല്ല.

ഒരു സംഗതികൂടി. തിരശ്ശീല മാററി നാടകയവനിക സമ്പ്രദായമാക്കണമെന്നു പറയുന്ന വിപ്ലവക്കാരും ഇന്നുണ്ട് ആ അഭിപ്രായവും ശരിയല്ല. എന്തെന്നാൽ ഓട്ടുമേഞ്ഞതോ ടിൻഷീററുകൊണ്ടു മേഞ്ഞതോ ആയ ഹാളാണെങ്കിൽ മേളങ്ങളുടെ പ്രതിധ്വനിവല്ലാതെ മുഴങ്ങി അവയുടെ രസം അനുഭവിപ്പാൻ സാദ്ധ്യമാകുകയില്ല. കൂടിയെകഴിയൂ എങ്കിൽ പുരമ്പുകൊണ്ടോ ഓലകൊണ്ടോ നിർമ്മിച്ച കൊട്ടായ

ആയിരിക്കേണം.

പൂരക്കത്തിൽ പഴയ രീതിയിൽനിന്നു അണു പോലും വ്യതിചലിക്കാതെ എണ്ണവിളക്കിൻെറ ഉജ്ജ്വലമായ പ്രകാശത്തിൽ പൂരപ്പറമ്പിലൊ അമ്പലമിററത്തൊ മേൽപ്പറഞ്ഞവിധംതന്നെ കഥകളി കളിപ്പിച്ചാലെ ആയതു നന്നാവുകയുള്ളൂ.

കഥകളി തികച്ചും ശാസ്ത്രീയവും സാങ്കേതികവുമായ ഒരു നൃത്യകലാവിശേഷമാണ്. കോമാളികളുടെ കൂത്താട്ടരംഗമല്ല കഥകളി.

വേറൊരു രസികൻ പറയുന്നു രംഗത്തിൽവെച്ച് യുദ്ധം വയ്യത്രെ. ഇപ്പോൾ അച്ചടിച്ച് പുറത്തിറങ്ങീട്ടുള്ള നൂററിഅമ്പതിൽ അധികം കഥകളിയിൽ തൊണ്ണൂറുശതമാനവും വധങ്ങളാണ്. സ്വയംവരമായുള്ള രുഗ്മിണീസ്വയംവരം, ഉത്തരാസ്വയംവരം, സുന്ദരീസ്വയംവരം ഇവകളിലും യുദ്ധരംഗം ഒഴിച്ചിട്ടില്ല. കേരളീയരുടെ ഒരു കാലത്തുണ്ടായിരുന്ന കളരിപ്പയററിൻെറ പാടവമല്ലയൊ ഈ രംഗങ്ങൾ.

ഒരു കാര്യം ഞാനും സമ്മതിക്കുന്നു. തലകുലുക്കകൊണ്ടുതന്നെ. സഭ്യേതരമല്ലാത്ത ശൃംഗാരം വേണ്ടെന്നുവെക്കണം. ചില കഥകളിൽ ഈ രംഗങ്ങൾ അതിരുകവിഞ്ഞു പോകുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്.

ഒരു ദിവസത്തെ അരങ്ങിന്നു ഓരോ കഥയിൽനിന്നു ഒന്നും രണ്ടും രംഗങ്ങൾ മാത്രം തിരഞ്ഞെടുത്തു

ഓരോ രാത്രികൊണ്ടു എട്ടും പത്തും കഥകൾ അഭിന യിപ്പിക്കുന്നതും സാഹസമാണെന്നു പറയാതെ കഴി കയില്ല. ഏറിയാൽ രണ്ടു കഥയേ വെക്കൂ ഒരു രാ ത്രിയിലത്തെ അരങ്ങിന്നു്. അല്ലെങ്കിൽ കഥകളി പോയി കഥയില്ലായ്മയായി കലാശിച്ചേക്കും.

കഥകളി യോഗങ്ങൾ ഇന്നും അവിടവിടെ ശേ ഷിച്ചു കാണുന്നതു സന്തോഷാവഹം. കടത്തനാട്ടും പറച്ചിനിക്കടെവിലും വേങ്ങയിലും യോഗങ്ങൾ ഉള്ള തായി അറിയുന്നു.

ഇപ്പോൾ ജീവിച്ചിരുപ്പുള്ളവരും ഒന്നാംകിട വേഷക്കാരുമായ തകഴി കുഞ്ചുക്കുറുപ്പു്, വാഴേങ്കട കു ഞ്ചു, കലാമണ്ഡലം കൃഷ്ണൻനായർ ഇവരെ സംബ ന്ധിച്ചു ഈ ലേഖനങ്ങളിൽ ഞാൻ തൊട്ടുകുറിച്ചിട്ടേ ഉള്ളു. ഇതുപോലെ പ്രസിദ്ധപ്പെട്ട മഹാന്മാർ തിരു വിതാംകൂറിലും മററും ഉള്ളതായി അറിയുന്നു. എ ന്നാൽ അവരെ സംബന്ധിച്ച വിവരങ്ങൾ സഹൃദയ ന്മാർ അറിവുതന്നാൽ അടുത്ത പതിപ്പിൽ ആ വക സംഗതികൾ നന്ദിപൂർവ്വം ചേർക്കുന്നതാണെന്നും പറ ഞ്ഞു ഈ ലേഖനം ഉപസംഹരിക്കുന്നു.

ശുഭം.

---

വിദ്യാവിനോദിനി അച്ചുക്കൂടം, തൃശ്ശിവപേരൂർ.

# ശുദ്ധിപത്രം

| പേജ് | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 8 | 15 | ഒന്നൻ | ഒന്നിൻ |
| ,, | 22 | കാന്ത | കാന്തി |
| 16 | 12 | സമീര: | സ്സമീര: |
| 30 | 3 | തലപ്പുലെ | തലച്ചുലെ |
| 44 | 8 | നാമൻ | രാമൻ |
| 47 | 7 | ഭ്രഷ്ട | ശ്രഷ്ട |
| ,, | 9 | കമപി | കിമപി |

വിട്ടുപോയ ചില വള്ളികളും പുള്ളികളും അവവാചകർ കൂട്ടിവായിപ്പാനപേക്ഷ.

ഗ്രന്ഥകർത്താവ്.

Copies 500.

KOTTAYAM PUBLIC LIBRARY
KOTTAYAM.

*Cl. No.* Mo 8 *Acc. No.* 4362

This book should be returned on or before the date last stamped below.

4 - OCT 1965
21 SEP 1976
31 AUG 1992

M08 4382
ഞനന്നന്യ ഢേ ഉവണ്യം.. ടി. എസ്
വില കടമകളി നടവാർ

№ 8
Arab: C

KOTTAYAM PUBLIC LIBRARY

Call No. 1708

Acc. No. 4382

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org